# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

## എലിക്കുളം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2024-2025**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**കോട്ടയം-686001**

**ഇ-മെയിൽ: doktm.ksad@kerala.gov.in**
**ഫോൺ : 0481-2564886**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.ടി.എം. പി13-1744/25

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 16/12/2025
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
എലിക്കുളം ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : എലിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എലിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.ടി.എം. പി13-1744/25 തീയ്യതി: 16/12/2025

# കോട്ടയം ജില്ലയിലെ എലിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ എലിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-08-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2024 മുതൽ 31-03-2025 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 16-10-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ സുരേഷ് എസ് | ഡെപ്യൂട്ടി ഡയറക്ടർ | 08-10-2025 | 16-10-2025 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 08-10-2025 | 16-10-2025 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ സജി പി ആർ, ഓഡിറ്റ് ഓഫീസർ (ഹ ഗ്രേ)
ശ്രീ ഉണ്ണികൃഷ്ണൻ എം, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ അഗസ്റ്റിൻ സി തേവർകുന്നേൽ,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ ജയന്ത് ഹരി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ജിമ്മി ജേക്കബ് | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീ മുഹ്സിൻ പി. എം. | സെക്രട്ടറി | 01-04-2024 | 27-03-2025 |

| | | | |
|---|---|---|---|
| ശ്രീമതി സിന്ധുമോൾ കെ കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 28-03-2025 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ പ്രവീൺ കെ | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| ഡോ. ജെസ്സി എം. കട്ടപ്പുറം | മെഡിക്കൽ ഓഫീസർ(CHC) | 01-04-2024 | 31-03-2025 |
| ഡോ റ്റിനു മാത്യു | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 20-12-2024 | 31-03-2025 |
| ഡോ. ഡോണ എബ്രഹാം മറ്റം | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2024 | 31-03-2025 |
| ശ്രീമതി കവിത എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | 31-03-2025 |
| ശ്രീമതി ആതിര പി ഡി | ഡയറി ഫാം ഇൻട്രക്ടർ | 01-04-2024 | 31-03-2025 |
| ഡോ. രമ്യ വി | വെറ്ററിനറി സർജൻ | 01-04-2024 | 31-03-2025 |
| ഡോ. ബിന്ദു തെരേസ് പി. ജെ | മെഡിക്കൽ ഓഫീസർ(CHC) | 01-04-2024 | 19-12-2024 |
| ശ്രീമതി. ചിന്തു റ്റി. കുട്ടപ്പൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2024 | 07-03-2025 |
| ശ്രീമതി മാളു ഒ. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 10-03-2025 | 31-03-2025 |
| ശ്രീമതി ജോബോയ് ജോൺ | അസിസ്റ്റന്റ്സെക്രട്ടറി | 01-04-2024 | 30-04-2024 |
| ശ്രീമതി സിന്ധുമോൾ കെ കെ | അസിസ്റ്റന്റ്സെക്രട്ടറി | 06-05-2024 | 31-03-2025 |
| ശ്രീ. സന്തോഷ് കുമാർ ദേവ് | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ (ഇളങ്ങുളം) | 01-04-2024 | 20-03-2025 |
| ശ്രീ. സോനു ബാബു | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ (ഇളങ്ങുളം) | 21-03-2025 | 31-03-2025 |
| ശ്രീ. സോനു ബാബു | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ (എലിക്കുളം) | 01-04-2024 | 16-12-2024 |
| ശ്രീ. സന്തോഷ് കുമാർ ദേവ് | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ (എലിക്കുളം) | 17-12-2024 | 20-03-2025 |
| ശ്രീ. സോനു ബാബു | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ (എലിക്കുളം) | 21-03-2025 | 31-03-2025 |

01.05.2024 മുതൽ 05.05.2024 വരെ അസിസ്റ്റന്റ് സെക്രട്ടറി തസ്തിക ഒഴിഞ്ഞ് കിടന്നു.

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത വ്യക്തമല്ല. | 1-1-1 |
| 3 | ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും കാലികമായിട്ടില്ല | 1-1-2 |
| 4 | Capital Work In Progress അക്കൗണ്ടിംഗിൽ അപാകത | 1-1-3 |
| 5 | തൊഴിലുറപ്പ് പദ്ധതി വരവ് ചെലവ് കണക്കുകൾ കൃത്യമായി അക്കൗണ്ട് ചെയ്തിട്ടില്ല. | 1-1-4 |
| 6 | അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ പ്രതിമാസ ജേണൽ എൻട്രി നടത്തിയിട്ടില്ല | 1-1-5 |
| 7 | ബി 5, ബി 16 ഷെഡ്യൂളുകൾ പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | വിവിധ ചെലവുകൾക്ക് ബാലൻസ്ഷീറ്റിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല | 1-1-7 |
| 9 | കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് - ബി 4 പ്രകാരമുള്ള ബാലൻസും ബി 17 പ്രകാരമുള്ള ബാങ്ക് ബാലൻസും പൊരുത്തപ്പെടുന്നില്ല. | 1-1-8 |
| 10 | അഡ്വാൻസ് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല | 1-1-9 |
| 11 | Stale Cheque ഹെഡിലെ തുകകൾ ക്രമീകരിച്ചിട്ടില്ല | 1-1-10 |
| 12 | ബജറ്റ് | 1-2 |
| 13 | സാമ്പത്തിക വിശകലനം | 1-3 |
| 14 | ഗ്രാന്റ് വിനിയോഗം | 1-4 |
| 15 | പദ്ധതിഅവലോകനം | 1-5 |
| 16 | മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി | 1-6 |
| 17 | സാമൂഹ്യ സുരക്ഷാ പദ്ധതികൾ | 1-7 |
| 18 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 19 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 20 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 21 | സമീപ കെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖലയുടെ അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയം നടത്തിയിരിക്കുന്നു | 1-11 |
| 22 | ഒരേ റോഡ് തന്നെ വ്യത്യസ്ത തരംതിരിവുകളിൽ വിവിധ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചു | 1-12 |
| 23 | സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനത്തിന്റെ വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല | 1-13 |
| 24 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല | 1-14 |
| 25 | ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-15 |
| 26 | വാടക ഈടാക്കൽ നടപടികളിലെ അപാകതകൾ | 1-16 |
| 27 | തനത് ഫണ്ട് ഇടപാടുകൾക്കായി അനേകം ബാങ്ക് അക്കൗണ്ടുകൾ നിലനിർത്തുന്നു. | 1-17 |
| 28 | ചെലവഴിക്കാത്ത ഗ്രാന്റ്, കുടിശ്ശികകൾ - തിരികെ ക്രമീകരിച്ചില്ല | 1-18 |
| 29 | മുൻകൂറുകൾ ക്രമീകരിക്കുവാൻ അവശേഷിക്കുന്നു | 1-19 |
| 30 | റിഡംപ്ഷൻ തുക പൂർണ്ണമായും തിരികെ ലഭ്യമായില്ല. | 1-20 |
| 31 | നിക്ഷേപപ്രവൃത്തികൾ - വിനിയോഗ/പൂർത്തീകരണവിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല | 1-21 |
| 32 | റോഡ് ടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കുറവ് ചെയ്ത കാലിവീപ്പകളുടെ വില തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു | 1-22 |
| 33 | ജവഹർ അങ്കണവാടി വടക്കുംഭാഗം കെട്ടിടനിർമ്മാണം- കെട്ടിടം ഉപയോഗപ്രദമാക്കിയിട്ടില്ല. | 1-23 |
| 34 | മരാമത്ത് പ്രവൃത്തികളുടെ ഇൻഷുറൻസ് രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. | 1-24 |
| 35 | രണ്ടാം മൈൽ കുടിവെള്ള പദ്ധതി മെയിന്റനൻസ്- അപാകതകൾ | 1-25 |

| | | |
|---|---|---|
| 36 | ലൈഫ് ഭവന നിർമ്മാണ - ഭവനപുനരുദ്ധാരണ പദ്ധതികൾ - ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിച്ചില്ല | 1-26 |
| 37 | ഭിന്നശേഷിയുള്ളവർക്ക് ഉപകരണ വിതരണം - അപാകതകൾ | 1-27 |
| 38 | ഹോമിയോ മരുന്നുകൾ പൂർണ്ണമായും ഡിസ്പെൻസറിക്ക് ലഭ്യമായില്ല | 1-28 |
| 39 | പൂരക പോഷകാഹാര പദ്ധതി - വാഹനകൂലി ഇനത്തിൽ അധിക തുക നൽകി | 1-29 |
| 40 | ക്ഷീര കർഷകർക്ക് ധാതുലവണ മിശ്രിതം വിതരണം- വിതരണവിവരം വ്യക്തമല്ല. | 1-30 |
| 41 | ബാലസഭ പ്രവർത്തനത്തിന് അധിക തുക നൽകി | 1-31 |
| 42 | ഹെൽത്ത് ഗ്രാന്റ് വിനിയോഗം - അവലോകനം | 1-32 |
| 43 | ജൽ ജീവൻ മിഷൻ - പദ്ധതി അവലോകനം | 1-33 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | പൂരക പോഷകാഹാര പദ്ധതി - വാഹനകൂലി ഇനത്തിൽ അധിക തുക നൽകി | 3-1 |
| **ഭാഗം 4** | | |
| 1 | മെഡിസെപ് പ്രീമിയം ഒടുക്ക് വിവരങ്ങൾ | 4-1 |
| 2 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം | 4-2 |
| 3 | സംയുക്തപ്രോജക്കുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-3 |
| 4 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരം | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് | 4-5 |
| 6 | വായ്പ /വായ്പാതിരിച്ചടവ് | 4-6 |
| 7 | സ്ഥിരനിക്ഷേപങ്ങൾ | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-9 |
| 10 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-12 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. എലിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2025 പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണ സമിതിയുടെ 4/ 28.07.2025 നം. തീരുമാനം പ്രകാരം അംഗീകരിച്ച് 29.07.2025 - ൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യകമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെകുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

**അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, എലിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യ പത്രികകൾ 31.03.2025-ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2025-ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.**

| | |
|---|---|
| തീയതി:16-12-2025 | **ഡെപ്യൂട്ടി ഡയറക്ടർ** |

## 1-1-1 ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത വ്യക്തമല്ല.

31/03/2025 തീയതിയിലെ ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത വ്യക്തമല്ല. 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രകാരം അക്രുവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി അക്കൗണ്ടിങ്ങ് ആരംഭിച്ച 01/04/2011 ൽ പഞ്ചായത്ത്

ജനറൽ ഫണ്ട് (കണക്ക് ശീർഷകം-310100101) നിർണ്ണയിച്ചപ്പോഴുള്ള ആധികാരിക ആസ്തി-ബാധ്യത രേഖയായ Opening Balance Receipt Payment (OBRP) Data സൂക്ഷിച്ചിട്ടില്ല. 2011-12 മുതൽ 2023-24 വരെ Excess Of Income Over Expenditure കണക്കാക്കിയ രേഖകളും 2024-25 ലെ അറ്റ പ്രവർത്തനമിച്ചം ക്യാരി ഓവർ ചെയ്തതിന്റെ രേഖകളും സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ട് മൂല്യം 31/03/2025 വരെയുള്ളത് വ്യക്തമാക്കുന്ന എല്ലാ രേഖകളും തയ്യാറാക്കി സൂക്ഷിക്കേണ്ടതും മറുപടിയിൽ ലഭ്യമാക്കേണ്ടതുമാണ്.

### 1-1-2 ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും കാലികമായിട്ടില്ല

26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. പഞ്ചായത്തിന്റെ ആസ്തികളുടെ മൂല്യം വാർഷിക കണക്കിൽ നിശ്ചിത ശീർഷകങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നത് ആധികാരികവും കാലികവുമായ അനുബന്ധ രേഖകൾ ഇല്ലാത്തതിനാൽ വ്യക്തമല്ല. സുസ്ഥിര ആസ്തി, ഉൽപാദന മേഖല ആസ്തി, സേവന മേഖല ആസ്തി, ഇൻഫ്രാസ്ട്രക്ചർ ആസ്തി, സ്ഥാപന ആസ്തി, വിട്ടുകിട്ടിയ സ്ഥാപന ആസ്തി തുടങ്ങിയ ആസ്തി വിഭജന മാനദണ്ഡങ്ങളിലുള്ള ആസ്തി ഡേറ്റാബേസും പഞ്ചായത്തിൽ നിലവിലില്ല എന്നതിനാൽ വിവിധ മേഖല ഷെഡ്യൂളുകളിൽ 31/03/2025 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റയും മൂല്യത്തിന്റയും ആധികാരികതയും കൃത്യതയും വ്യക്തമല്ല.

### 1-1-3 Capital Work In Progress അക്കൗണ്ടിംഗിൽ അപാകത

ഷെഡ്യൂൾ B-11(A) Capital Work In Progress നീക്കിയിരിപ്പ് 0 എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 2024-25 വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളിൽ പലതിനും പാർട്ട് ബിൽ നല്കിയിട്ടുണ്ട് . എന്നാൽ ആയത് (ബി-11 എ) ശീർഷകത്തിൽ പ്രതിഫലിക്കുന്നില്ല.

### 1-1-4 തൊഴിലുറപ്പ് പദ്ധതി വരവ് ചെലവ് കണക്കുകൾ കൃത്യമായി അക്കൗണ്ട് ചെയ്തിട്ടില്ല.

തൊഴിലുറപ്പ് പദ്ധതിയുടെ കാഷ് ബുക്ക് പ്രകാരമുള്ള വരവ് ചെലവ് കണക്കുകൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

### 1-1-5 അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ പ്രതിമാസ ജേണൽ എൻട്രി നടത്തിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അക്രൂവൽ ചെയ്യേണ്ട ഓരോ വരുമാന ഇനങ്ങളുടെയും പ്രതിമാസ ഡിമാന്റ്, ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ വിവിധ വരുമാനങ്ങളുടെ ലെഡ്ജർ പരിശോധിച്ചതിൽ, ഗ്രാമപഞ്ചായത്തിൽ 2024-25 സാമ്പത്തിക വർഷത്തിൽ ഒരു തവണ മാത്രമാണ് ഡിമാന്റ് എൻട്രി നടത്തിയിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുള്ളത്.

### 1-1-6 ബി 5, ബി 16 ഷെഡ്യൂളുകൾ പൊരുത്തപ്പെടുന്നില്ല

വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റിലെ ബി 5 – Secured Loans, ബി 16 – Prepaid Expenses എന്നീ ഷെഡ്യൂളുകൾ പൊരുത്തപ്പെടുന്നില്ല. ഷെഡ്യൂളുകൾ തമ്മിൽ ₹1,40,000/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു. വ്യത്യാസം വന്ന തുകയ്ക്ക് പകരം ബി-17 പട്ടികയിൽ ലൈഫ് ലോൺ അക്കൗണ്ടിൽ ₹6,26,972/- രൂപയാണ് ബാലൻസ് നിലനിൽക്കുന്നത്. വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

### 1-1-7 വിവിധ ചെലവുകൾക്ക് ബാലൻസ്ഷീറ്റിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

2024-25 സാമ്പത്തിക വർഷത്തിൽ നൽകേണ്ടതായ വിവിധ ചെലവുകൾക്ക് (ഉദാഹരണമായി ജനപ്രതിനിധികളുടെ ഓണറേറിയം, ഇന്ധനചെലവ്) ബാലൻസ് ഷീറ്റ് ബി 9 ഷെഡ്യൂളിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

**1-1-8 കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് - ബി 4 പ്രകാരമുള്ള ബാലൻസും ബി 17 പ്രകാരമുള്ള ബാങ്ക് ബാലൻസും പൊരുത്തപ്പെടുന്നില്ല.**

കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് അലോട്ട്മെന്റായി ലഭിച്ച തുകയിൽ ബി- 4 പത്രിക പ്രകാരം ₹6112737/- ശേഷിക്കുന്നു (320200104, 320200113 എന്നീ ശീർഷകങ്ങളിലെ ആകെ തുക). എന്നാൽ ബാങ്ക് അക്കൗണ്ടിൽ (ബി- 17) പ്രസ്തുത തുക ₹6170252/- ആണ്. നീക്കിയിരിപ്പ് തുകകൾ തമ്മിൽ 57,515/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു. നീക്കിയിരിപ്പിന്റെ ആധികാരികത പരിശോധിക്കേണ്ടതും അത് യഥാവിധി ക്രമീകരിക്കേണ്ടതുമാണ്.

**1-1-9 അഡ്വാൻസ് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല**

B-18 ഷെഡ്യൂളിലെ വിവിധ തുകകൾ വാർഷിക കണക്കുകളെ സാധൂകരിക്കുന്ന രീതിയിൽ അഡ്വാൻസ് രജിസ്റ്ററിൽ കൃത്യമായി ചേർത്തിട്ടില്ല. 460100103 - Temporary Advance For Official Purposes എന്ന ശീർഷകത്തിൽ മുൻവർഷങ്ങളിൽ നൽകിയ 4706/- രൂപ ക്രമീകരിക്കാതെ അവശേഷിക്കുന്നു. മുന്നിരിപ്പ് തുക സംബന്ധിച്ച് രജിസ്റ്ററിൽ രേഖപ്പെടുത്തലുകളില്ല. മുൻകൂർ ആർക്ക് എന്ത് ആവശ്യത്തിന് നൽകി എന്നീ വിശദാംശങ്ങൾ അഡ്വാൻസ് രജിസ്റ്ററിൽ ചേർത്തിട്ടില്ല. അക്കൗണ്ട് ശീർഷകം 460500206 – Advance To Implementing Agencies-Deposit With Anert എന്ന ഹെഡിലെ തുകയുടെ വിവരങ്ങൾ അഡ്വാൻസ് രജിസ്റ്ററിൽ ചേർത്തിട്ടില്ല. കൃത്യമായ വിശദാംശങ്ങൾ രജിസ്റ്ററിൽ ചേർത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കേണ്ടതാണ്.

**1-1-10 Stale Cheque ഹെഡിലെ തുകകൾ ക്രമീകരിച്ചിട്ടില്ല**

B9 ഷെഡ്യൂൾ 350800101 - Liability In Respect Of Stale Cheques അക്കൗണ്ട് ശീർഷകത്തിൽ നിലനിൽക്കുന്ന 85766/- രൂപ നാളിതുവരെ ക്രമീകരിച്ചിട്ടില്ല. മേൽ ചെക്കുകളുടെ കാലപ്പഴക്കം പരിശോധിച്ച് തനത് ഫണ്ടിലേക്ക് ക്രമീകരിക്കേണ്ടതാണെങ്കിൽ അപ്രകാരം ചെയ്യേണ്ടതാണ്.

**1-2 ബജറ്റ്**

എലിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തെ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 09/02/2024 ലെ 1(1)-ാം നം. തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 08/02/2025 ലെ 1-ാം നം. തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| മുന്നിരിപ്പ് | 31,32,6232/- | 2,38,56,319/- |
| വരവ് | 19,52,79,079/- | 5,09,10,128/- |
| ആകെ വരവ് | 22,66,05,311/- | 7,47,66,447/- |
| ചെലവ് | 21,28,97,562/- | 4,53,01,925/- |
| നീക്കിയിരിപ്പ് | 1,37,07,749/- | 2,94,64,522/- |

**1-3 സാമ്പത്തിക വിശകലനം**

എലിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തെ റസീപ്റ്റ് & പേയ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ പത്രിക എന്നിവയിലെ കണക്കുകളുടെ വിശദാംശവും ഓഡിറ്റ് ചെയ്ത ശേഷം വരവ്, ചെലവ് നഷ്ടം, തടസ്സപ്പെടുത്തിയ തുക എന്നിവയും ചുവടെ ചേർക്കുന്നു.

**റസീപ്റ്റ് & പേയ്മെന്റ് പത്രിക**

| | |
|---|---|
| മുന്നിരിപ്പ് | 23,856,319/- |
| ഓഡിറ്റ് വർഷത്തെ വരവ് | 50910128/- |
| ആകെ (മുന്നിരിപ്പ് ഉൾപ്പടെ) | 74,766,447/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 45301925/- |
| നീക്കിയിരിപ്പ് | 29,464,522/- |

**ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരുമാനം | 149,084,578/- |
| ഓഡിറ്റ് വർഷത്തെ ചെലവ് | 140,976,926/- |
| പ്രവർത്തന നഷ്ടം | 8,107,652/- |
| | |

| | |
|---|---|
| അറ്റ മുൻകാല അക്കൗണ്ടിങ്ങ് ക്രമീകരണം | 646,798/- |
| അറ്റ പ്രവർത്തന നഷ്ടം | 8,754,450/- |

**ഓഡിറ്റ് പ്രത്യവലോകനം**

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം (ചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (സർച്ചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 12,80,532/- |

**1-4 ഗ്രാന്റ് വിനിയോഗം**

| ഫണ്ടിനം | മുൻ ബാക്കി | ബജറ്റ് വിഹിതം | ആകെ | ചെലവ് | സഞ്ചിത നിധിയിലേക്ക് തിരികെ ഈടാക്കിയത്/ നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതു വിഭാഗം | 0 | 18067026 | 18067026 | 15339586 | 2727440 | 84.9 |
| വികസന ഫണ്ട് എസ്.സി.പി. | 0 | 4374974 | 4374974 | 2512981 | 1861993 | 57.44 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 20289000 | 20289000 | 20289000 | 0 | 100 |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 0 | 10049000 | 10049000 | 6732823 | 3316177 | 67 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) | 1459503 | 3524435 | 4983938 | 3772493 | 1211445 | 75.69 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 2383329 | 8085177 | 10468506 | 5399464 | 5069042 | 51.57 |
| എം. ജി. എൻ. ആർ. ഇ. ജി. എസ് | 7866 | 12732741 | 12740607 | 12740606 | 1 | 100 |
| ഐ.സി.ഡി. എസ്. കേന്ദ്ര വിഹിതം | 829083 | 1839363 | 2668446 | 910491 | 1757955 | 34.12 |
| ശുചിത്വ മിഷൻ ഗ്രാന്റ് | 229310 | 0 | 229310 | 0 | 229310 | 0 |
| ഹെൽത്ത് ഗ്രാന്റ് (202) | 198797 | 382988 | 581785 | 124780 | 457005 | 21.44 |
| ഹെൽത്ത് ഗ്രാന്റ് (204) | 200331 | 602218 | 802549 | 194411 | 608138 | 24.22 |
| സ്വച്ഛ് ഭാരത് മിഷൻ | 0 | 120000 | 120000 | 120000 | 0 | 100 |
| സംസ്ഥാനാവിഷ്കൃതം (കൃഷി വകുപ്പ് ) | 300000 | 0 | 300000 | 0 | 300000 | 0 |

വികസനഫണ്ടിന്റെ പൊതുവിഭാഗം, എസ്.സി.പി. വിഹിതങ്ങളിൽ നിന്ന് യഥാക്രമം 2256085/-രൂപ, 15288/- രൂപ വീതം കുറവ് ചെയ്തതിനുശേഷമാണ് ഗ്രാമപഞ്ചായത്തിന് ലഭിച്ചത്. കുറവ് ചെയ്ത തുകകൾ ജി.ഒ. പ്രോജക്ടുകളായി സുലേഖയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ ടി തുകകൾ ഉൾപ്പെടെയാണ് സുലേഖ സോഫ്റ്റ്‌വെയറിൽ ചേർത്തിട്ടുള്ളത്. എന്നാൽ സ്ഥാപനത്തിൽ ടി തുകകൾ പണമായി ലഭിക്കാതിരുന്നതിനാൽ വാർഷികകണക്കുകളുടെ ഭാഗമായ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റിലും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലും ടി തുകകൾ ഉൾപ്പെട്ടിട്ടില്ല. ഗ്രാന്റ് വിനിയോഗപത്രികയുടെ വരവ് ഭാഗത്ത് ടി വരവുകൾ ഉൾപ്പെട്ടിട്ടില്ല.

വികസനഫണ്ട് പൊതുവിഭാഗത്തിൽ നിന്നും 623974/- രൂപ പരിഹാര വകയിരുത്തലായി എസ്.സി.പി. യിലേക്ക് ക്രമീകരിച്ചിട്ടുണ്ട്.

ധനകാര്യ കമ്മീഷൻ ഗ്രാന്റ് ക്രെഡിറ്റ് ചെയ്യുന്ന ബാങ്ക് അക്കൗണ്ടിൽ പലിശ ഇനത്തിൽ ക്രെഡിറ്റ് വന്ന 237995/- രൂപ അൺടൈഡ് വിഭാഗത്തിലാണ് വാർഷിക കണക്കിൽ അക്കൗണ്ട് ചെയ്തിട്ടുള്ളത്.

മേൽപ്പറഞ്ഞ അപാകത നിലനിൽക്കെയാണ് അനുബന്ധം 2 ആയിട്ടുള്ള സാക്ഷ്യപത്രം

ഉൾപ്പെടുത്തിയിട്ടുള്ളത്. ശുചിത്വ മിഷൻ ഗ്രാന്റിൽ നീക്കിയിരിപ്പുള്ള 229310/- രൂപയും കൃഷി വകുപ്പിൽ നിന്നും പ്രത്യേക ഉദ്ദേശത്തിനായി മുൻവർഷം ലഭിച്ച 300000/- രൂപയും വിനിയോഗിക്കേണ്ടതാണ്.

## 1-5 പദ്ധതിഅവലോകനം

ഗ്രാമ പഞ്ചായത്തിന്റെ 2024-25 വാർഷിക പദ്ധതിയ്ക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 3.02.2024 ലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം ഭരണാനുമതി നൽകി. ജില്ലാ ആസൂത്രണസമിതിയുടെ 13.02.2025 ലെ 84898/24/DPC/DPO/KTM നമ്പർ ഉത്തരവ് പ്രകാരം വാർഷിക പദ്ധതിക്ക് അന്തിമാംഗീകാരം ലഭിച്ചിട്ടുണ്ട്.
വാർഷികപദ്ധതി ആസൂത്രണ പ്രക്രിയയുടെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| ഘട്ടം | തീയതി |
|---|---|
| വർക്കിംഗ് ഗ്രൂപ്പ് പുനസംഘടന അംഗീകരിച്ച് കമ്മറ്റി തീരുമാനം | 2(2)/15.12.2023 |
| വർക്കിംഗ് ഗ്രൂപ്പുകൾ ചേർന്ന തീയതി | 20.12.2023 |
| പദ്ധതി രൂപീകരണ ഗ്രാമസഭകൾ | 26.12.2023 മുതൽ 29.12.2023 വരെ |
| ആസൂത്രണ സമിതി യോഗം | 18.12.2023 |
| വികസന സെമിനാർ | 2.02.2024 |
| ഗുണഭോക്തൃത തെരഞ്ഞെടുപ്പ് ഗ്രാമസഭകൾ | 27.08.2024 മുതൽ 31.08.2024വരെ |
| ഭിന്നശേഷി ഗ്രാമസഭ | 22.12.2023 |
| ഊരുകൂട്ടം | 23.12.2023 |

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ എണ്ണം/ശതമാനം |
|---|---|---|---|---|---|
| 318 | 127738730 | 220 | 65919174 | 98 | 200/63% |

വിവിധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണോദ്യോഗസ്ഥൻ | ഏറ്റെടുത്ത പ്രോജക്ടുകളുടെ എണ്ണം | ആകെ അടങ്കൽ | തൻവർഷം തുക ചെലവഴിച്ചിട്ടുള്ള പ്രോജക്ടുകളുടെ എണ്ണം | ആകെ ചെലവ് |
|---|---|---|---|---|
| കൃഷി ഓഫീസർ | 13 | 2863421 | 12 | 1592441 |
| വെറ്റിനറി സർജൻ | 10 | 1259814 | 10 | 1082348 |
| മെഡിക്കൽ ഓഫീസർ സി.എച്ച്.സി | 13 | 2867075 | 10 | 1731179 |
| മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 2 | 1350000 | 2 | 1349749 |
| മെഡിക്കൽ ഓഫീസർ ഹോമിയോ | 2 | 325000 | 2 | 312833 |
| വി.ഇ.ഒ, എലിക്കുളം | 14 | 38091857 | 11 | 8050795 |
| വി.ഇ.ഒ, ഇളങ്ങുളം | 26 | 5196594 | 12 | 1437705 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 29 | 7147294 | 16 | 4601088 |
| സെക്രട്ടറി | 71 | 19507006 | 32 | 7164026 |
| അസിസ്റ്റന്റ് എൻജിനീയർ | 125 | 45883029 | 103 | 36106288 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 3 | 1920540 | 3 | 1372640 |
| അസിസ്റ്റന്റ് സെക്രട്ടറി | 10 | 1327100 | 7 | 1118082 |
| ആകെ | 318 | 127738730 | 220 | 65919174 |

7905610/- രൂപ സഞ്ചിത നിധിയിലേയ്ക്ക് തിരിച്ചെടുത്തു.

2024-25 വർഷം ഗ്രാമപഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി ലഭ്യമായ ഗ്രാന്റു തുകകൾ പൂർണ്ണമായും ചെലവഴിക്കാൻ സാധിക്കാത്തതിനാൽ വിവിധ

ഫണ്ടിനങ്ങളിലായി ആകെ 7905610/- രൂപ സഞ്ചിത നിധിയിലേയ്ക്ക് തിരിച്ചെടുത്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | ബജറ്റ് വിഹിതം | ചെലവഴിച്ച തുക | സഞ്ചിത നിധിയിലേയ്ക്ക് തിരികെ ഈടാക്കിയത് |
|---|---|---|---|
| വികസന ഫണ്ട് (പൊതു വിഭാഗം) | 18067026 | 15339586 | 2727440 |
| വികസന ഫണ്ട് (എസ്.സി.പി) | 4374974 | 2512981 | 1861993 |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 10049000 | 6732823 | 3316177 |
| ആകെ | | | 7905610 |

അംഗീകാരം കിട്ടിയ പല പ്രോജക്ടുകളും നടപ്പാക്കാതിരുന്നതും, നടപ്പാക്കിയവ സമയബന്ധിതമായി പൂർത്തീകരിക്കാതിരുന്നതുമാണ് മേൽപ്പറഞ്ഞ പ്രകാരം ഗ്രാമ പഞ്ചായത്തിന് 79 ലക്ഷത്തിലധികം രൂപ നഷ്ടമാകാനിടയായത്. വികസന പ്രവർത്തനങ്ങൾക്കായി ലഭിക്കുന്ന സർക്കാർ ധനസഹായം വിനിയോഗത്തിലെ കുറവ് മൂലം നഷ്ടമാകുന്ന സാഹചര്യം ഭാവിയിൽ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

<u>നിക്ഷേപ പ്രവൃത്തികൾ- 7067869/- രൂപ വിനിയോഗിക്കാതെ നിർവ്വഹണ ഏജൻസികളുടെ അക്കൗണ്ടുകളിൽ അവശേഷിക്കുന്നു.</u>

വാർഷിക കണക്ക് B18 പ്രകാരം ഷെഡ്യൂൾ പ്രകാരം ഗ്രാമപഞ്ചായത്ത് വിവിധ നിക്ഷേപ പ്രവൃത്തികൾക്കായി മുൻ വർഷങ്ങളിലേതുൾപ്പടെ നിർവ്വഹണ ഏജൻസികളിൽ നിക്ഷേപിച്ചിരുന്ന തുകയിൽ 7067869/- രൂപ വിനിയോഗിക്കാതെ അവശേഷിക്കുന്നുണ്ട്. കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡിൽ നിക്ഷേപിച്ച 4199555/- രൂപയുടെ വിനിയോഗ വിവരവും, ഭൂജലവകുപ്പിൽ നിക്ഷേപിച്ച 1600366/- രൂപയുടെ വിനിയോഗ വിവരവും, അനർട്ടിൽ നിക്ഷേപിച്ച 1267948/- രൂപയുടെ വിനിയോഗ വിവരവുമാണ് ഇപ്രകാരം ലഭ്യമായിട്ടില്ലാത്തത്. നിർവ്വഹണ ഏജൻസികളുമായി ബന്ധപ്പെട്ട് പ്രവൃത്തികൾ പൂർത്തീകരിച്ച് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ തുകയുടെ വിനിയോഗ വിശദാംശങ്ങളും പ്രവൃത്തികളുടെ പൂർത്തീകരണ സാക്ഷ്യപത്രവും ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്. പൂർത്തീകരണശേഷവും നിർവ്വഹണ ഏജൻസികളിൽ തുക അവശേഷിക്കുന്ന പക്ഷം ആയത് തിരികെ ഈടാക്കാൻ നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## <u>1-6 മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി</u>

ഗ്രാമപഞ്ചായത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി പ്രകാരം 2024-25 വർഷം 37 പേർക്ക് പുതുതായി തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ 16 വാർഡിലെയും ലേബർ ഗ്രാമസഭ ചേർന്ന് ലേബർ ബജറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഓഡിറ്റ് വർഷത്തെ ലേബർ ബജറ്റ് പ്രകാരം 456 പ്രവൃത്തികളാണ് വിഭാവനം ചെയ്തത്. 145 പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചതിൽ 77 പ്രവൃത്തികൾ പൂർത്തീകരിക്കാനായിട്ടുണ്ട്. ആകെ ചെലവ് 127.4 ലക്ഷം രൂപ. 27044 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 192 തൊഴിലാളികൾ 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. പഞ്ചായത്തിൽ ആകെയുള്ള 116 അയൽക്കൂട്ടങ്ങളിൽ 110 എണ്ണവും പദ്ധതിയുമായി സഹകരിച്ചിട്ടുണ്ട്. 396 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നല്കി മഴക്കുഴി നിർമ്മാണം, കയ്യാല നിർമ്മാണം, വൃക്ഷത്തൈ നടീൽ, നഴ്സറി നിർമ്മാണം തുടങ്ങിയ പ്രവൃത്തികളും തൊഴുത്ത് നിർമ്മാണം, ആട്ടിൻകൂട് നിർമ്മാണം തുടങ്ങിയ ആസ്തിനിർമ്മാണ പ്രോജക്ടുകളാണ് ഏറ്റെടുത്ത് നടപ്പിലാക്കിയത്. ക്യാഷ് ബുക്ക് പ്രകാരമുള്ള 2024-25 വർഷത്തെ വരവ്-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ക്യാഷ് | 7866 | 762249 | 770115 | 770114 | 1 |
| ഇ.എഫ്.എം.എസ് | 0 | 11970492 | 11970492 | 11970492 | 0 |
| ആകെ | 7866 | 12732741 | 12740607 | 12740606 | 1 |

വാർഷിക കണക്ക് പ്രകാരമുള്ള വരവ് ചെലവ് തുകകൾ ക്യാഷ് ബുക്ക് പ്രകാരമുള്ള തുകകളുമായി വ്യത്യാസപ്പെട്ടിരിക്കുന്നു. ക്യാഷ് ബുക്ക് പ്രകാരം ഇ.എഫ്.എം.എസ്.

പ്രകാരമുള്ള വരവും ചെലവും 11970492/- രൂപയും വാർഷിക കണക്ക് പ്രകാരം 11801357/- രൂപയുമാണ്. 169135/- രൂപയുടെ വ്യത്യാസം ഉണ്ട്. 2023-24 വർഷത്തിലെ 169135/- രൂപയുടെ മെറ്റീരിയൽ തുകയുടെ എഫ്.റ്റി.ഒ 2024-25 വർഷത്തിലാണ് ചെലവ് വന്നത്. ആയതിനാലാണ് മേൽ വ്യത്യാസം നിലനിൽക്കുന്നത്.

## 1-7 സാമൂഹ്യ സുരക്ഷാ പദ്ധതികൾ

2024-25 വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശം, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ താഴെ ചേർത്തിരിക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 37,014,600 | 2519 |
| കർഷക തൊഴിലാളി പെൻഷൻ | 2,163,200 | 145 |
| വിധവാ പെൻഷൻ | 10,607,400 | 699 |
| 50 വയസിലധികം പ്രായമുള്ള അവിവാഹിത വനിതകൾക്ക് പെൻഷൻ | 732,400 | 46 |
| മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 3,876,200 | 217 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് 2024-25 വാർഷിക കണക്കുകളുടെ ഓഡിറ്റിന്റെ ഭാഗമായി എലിക്കുളം ഗ്രാമപഞ്ചായത്തിൽ ഫ്രണ്ട് ഓഫീസ് ക്യാഷ്യറുടെ സാന്നിധ്യത്തിൽ 08/10/2025 തീയതിയിൽ 03.10 PM സമയത്ത് നടത്തുകയുണ്ടായി. ഭൗതിക പരിശോധനയിൽ 19558/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഓഡിറ്റ് വർഷം ILGMS സോഫ്റ്റ് വെയർ വഴിയാണ് സാമ്പത്തിക വിനിമയങ്ങൾ നടത്തിയിട്ടുള്ളത്. ഡേ ബുക്ക്, കാഷ് ബുക്ക്, ബാങ്ക് ബുക്ക് എന്നിവ ദൈനംദിനം പ്രിന്റ് എടുത്ത് സൂക്ഷിക്കുന്നുണ്ട്. പ്രതിമാസ നീക്കിയിരിപ്പുകളുടെ പൊരുത്തപ്പെടുത്തൽ നടത്തുന്നുണ്ട്. ചെലവ് വൗച്ചറുകൾ പ്രസിഡന്റ്, സെക്രട്ടറി എന്നിവർ സാക്ഷ്യപ്പെടുത്തുന്നുണ്ട്. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. രസീത് ബുക്കുകൾക്ക് സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നുണ്ട്. ഗ്രാമ പഞ്ചായത്തിൽ ഏർപ്പെടുത്തിയിട്ടുള്ള ആഭ്യന്തരനിയന്ത്രണ സംവിധാനത്തിലെ പോരായ്മകൾ താഴെ ചേർക്കുന്നു.

വാർഷിക പദ്ധതിയുടെ ഭാഗമായി വിവിധ മേഖലകളിൽ നടപ്പാക്കുന്ന പ്രോജക്ടുകളുടെ മോണിട്ടറിംഗ് കൃത്യമായി നടത്തിയിട്ടില്ല. അഡ്വാൻസ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | ഓഡിറ്റ് റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16-05-2022 | 01/2022 – 03/2022 | ADP/KTM/93/2022-PA1 തീയതി : 21-01-2023 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 18-09-2023 മുതൽ 29-09-2023 വരെ | 2018-19 മുതൽ 2022-23 വരെ | Audit-I/AMG-I/(HQ)II/8A-49/2023-24/119 തീയതി: 31-10-2023 |

## 1-11 സമീപ കെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖലയുടെ അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയം നടത്തിയിരിക്കുന്നു

വസ്തു നികുതി നിർണ്ണയിക്കുന്നതിനായി 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 6 പട്ടിക 1 പ്രകാരം ഗ്രാമ പഞ്ചായത്തിനെ പ്രഥമം, ദ്വിതീയം (കെട്ടിടങ്ങൾക്ക് 10 % നികുതി ഇളവ്), ത്രിതീയം (കെട്ടിടങ്ങൾക്ക് 20 % നികുതി ഇളവ്) എന്നീ മേഖലകളായി തരം തിരിച്ചിട്ടുണ്ട്. ഗ്രാമ

പഞ്ചായത്തിലെ വസ്തു നികുതി നിർണ്ണയം സംബന്ധിച്ച രേഖകളും സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്ന് ലഭ്യമായ ഫോം-6 സ്റ്റേറ്റ്മെന്റുകളും പരിശോധിച്ചതിൽ ഒരേ പുരയിടത്തിൽ സ്ഥിതി ചെയ്യുന്ന സമീപകെട്ടിടങ്ങൾ വ്യത്യസ്ത മേഖലയിലുള്ളതായി പരിഗണിച്ച് വസ്തു നികുതി നിർണ്ണയിച്ചതായി കാണുന്നു. വിശദാംശം ചുവടെ .

| ഉടമയുടെ പേര് | വില്ലേജ്/ സർവേ നം. | കെട്ടിട നമ്പർ | വിസ്തീർണ്ണം (ച.മീ ) | മേഖല | അസസ്സ് ചെയ്ത തീയതി |
|---|---|---|---|---|---|
| ജോബിൻ കെ ജോസ് | എലിക്കുളം 182/15 | 1/506 A1 | 10.44 | പ്രഥമം | 9/5/2024 |
| | | 1/506 C | 433.9 | ദ്വിതീയം | |

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 14/15-10-2025) സമർപ്പിച്ച മറുപടിയിൽ നികുതി പുനർനിർണ്ണയിക്കേണ്ട പക്ഷം ഫീൽഡ് പരിശോധന നടത്തി അറിയിക്കുന്നതാണെന്ന് വിശദീകരിച്ചിട്ടുണ്ട്. നികുതി നിർണയത്തിന്റെ ആധികാരികത പ്രാദേശിക പരിശോധനയിലൂടെ സ്ഥിരീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-12 ഒരേ റോഡ് തന്നെ വ്യത്യസ്ത തരംതിരിവുകളിൽ വിവിധ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചു

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 6, പട്ടിക 2 പ്രകാരം കെട്ടിടത്തിലേക്കുള്ള വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ അടിസ്ഥാന നികുതി നിരക്കുകളിൽ വർദ്ധനവും ഇളവും നിശ്ചയിച്ചിട്ടുണ്ട്.

| റോഡിന്റെ തരം | ബാധകമായ നിരക്ക് വ്യതിയാനം |
|---|---|
| 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾ | 20 % നികുതി വർദ്ധനവ് |
| 1.5 മീറ്റർ മുതൽ 5 മീറ്റർ വരെ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾ | നികുതി വർദ്ധനവോ ഇളവോ ഇല്ല. |
| 1.5 മീറ്ററോ അതിൽ കുറവോ വഴി സൗകര്യമുള്ള കെട്ടിടങ്ങൾ | 10 % നികുതി ഇളവ് |
| പൊതു വഴി സൗകര്യം ഇല്ലാത്ത കെട്ടിടങ്ങൾ | 20 % നികുതി ഇളവ് |

വസ്തുനികുതി നിർണ്ണയവുമായി ബന്ധപ്പെട്ട് സഞ്ചയയിൽ നിന്ന് ലഭ്യമായ ഫോം-6 സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതിൽ ഒരേ റോഡ് തന്നെ വ്യത്യസ്ത തരംതിരിവുകളിൽ വിവിധ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിന് പരിഗണിച്ചിരിക്കുന്നതായി കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഉടമസ്ഥൻ | റോഡിന്റെ പേര് | പ്രസ്തുത റോഡ് വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്ന തരം (ഫോം- 6 പ്രകാരം) |
|---|---|---|---|---|
| 1 | V/ 414 C | ജോയി ജോസഫ് | വടുതല ആളുറുമ്പ് റോഡ് | 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |
| 2 | V/ 417A | സുരേഷ് ബി | | 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |
| 3 | V/ 37A | സെബിൻ ജെയിംസ് | പാലാ പൊൻകുന്നം റോഡ് | 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |
| 4 | V/ 323 B | സിമി തോമസ് | | 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡ് |

ഇപ്രകാരം ഒരേ റോഡ് തന്നെ വ്യത്യസ്ത തരംതിരിവുകളിൽ നികുതി നിർണയത്തിന് പരിഗണിച്ചതിലൂടെ നികുതി നിർണ്ണയത്തിൽ അപാകത ഉണ്ടായതിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/15-10-2025) മറുപടിയായി ഫീൽഡ് പരിശോധന നടത്തി നികുതി പുനർനിർണ്ണയിക്കുമെന്ന് അറിയിച്ചു. പ്രസ്തുത വിഷയത്തിലെ തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

## 1-13 സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനത്തിന്റെ വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല

സഞ്ചയ അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്ത് രണ്ടാം വാർഡിൽ സ്ഥിതിചെയ്യുന്ന അൺ എയ്ഡഡ് സ്കൂളായ പൈക ജ്യോതി പബ്ലിക് സ്കൂളിന്റെ വസ്തു

നികുതി നിർണയിച്ചിട്ടില്ലായെന്ന് വ്യക്തമായിട്ടുണ്ട്. കേന്ദ്ര/സംസ്ഥാന സർക്കാർ ഉടമസ്ഥതയിലുള്ളതോ കേന്ദ്ര സർക്കാരിന്റെയോ സംസ്ഥാന സർക്കാരിന്റെയോ ധനസഹായത്തോടെ പ്രവർത്തിക്കുന്നതോ ആയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് അല്ലെങ്കിൽ വിദ്യാഭ്യാസ അനുബന്ധ ആവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്ന കെട്ടിടങ്ങളെയും, പ്രസ്തുത സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ താമസിക്കുന്നതുമായ ഹോസ്റ്റൽ കെട്ടിടങ്ങളെയാണ് 1994 കേരള പഞ്ചായത്ത് രാജ് ആക്ട് 207 വകുപ്പ് പ്രകാരം വസ്തു നികുതിയിൽ നിന്നും, വകുപ്പ്- 200 ഉപവകുപ്പ്- 2 പ്രകാരം സേവന ഉപനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുള്ളത്. ആകയാൽ അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനത്തിന് വസ്തുനികുതി ഒഴിവില്ലാത്തതാണ്. നിലവിൽ, ഗ്രാമ പഞ്ചായത്തിന്റെ വസ്തു നികുതി പരിഷ്കരണ ഉത്തരവ് പ്രകാരം, വിദ്യാഭ്യാസ/ അനുബന്ധ സ്ഥാപനങ്ങൾക്ക്, ചതുരശ്ര മീറ്ററിന് 7/- രൂപ നിരക്കിലാണ് നികുതി നിശ്ചയിച്ചിട്ടുള്ളത്. പ്രസ്തുത വിദ്യാഭ്യാസ സ്ഥാപനത്തിന് വസ്തു നികുതി ഒഴിവാക്കി നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (16/15-10-2025) സമർപ്പിച്ച മറുപടിയിൽ സഞ്ചയ സോഫ്റ്റ് വെയറും രജിസ്റ്ററുകളും പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചു.നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-14 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല

2024-25 വർഷം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചിരുന്ന വിവിധ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടച്ചിട്ടില്ല എന്ന് പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. പഞ്ചായത്തിലെ സ്ഥാപനങ്ങളുടെ ലിസ്റ്റ്, ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ എന്നിവ പ്രകാരം ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കാത്ത സ്ഥാപനങ്ങളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജീവനക്കാർ ജോലി ചെയ്യുന്ന സ്ഥാപനം | 2024-25 നികുതി ഒടുക്കാത്ത അർദ്ധവർഷം |
|---|---|---|
| 1 | ബി പി സി എൽ പെട്രോൾ പമ്പ് കൊപ്രാക്കളം | 1, 2 |
| 2 | റോയൽ മെറ്റലോയ്സ്, ഇളങ്ങുളം | 2 |
| 3 | മണപ്പുറം ഫിനാൻസ് പൈക | 1, 2 |
| 4 | ഇളങ്ങുളം സർവ്വീസ് സഹകരണ ബാങ്ക് | 1, 2 |
| 5 | എലിക്കുളം സർവ്വീസ് സഹകരണ ബാങ്ക് | 1, 2 |
| 6 | ഗുഡ്പ്പൈ ഇന്ത്യാ, എലിക്കുളം | 1, 2 |

ജീവനക്കാരുടെ തൊഴിൽ നികുതി ഗ്രാമപഞ്ചായത്തിന് അതത് സാമ്പത്തിക വർഷത്തെ വരുമാനം ആയതിനാൽ സമയബന്ധിതമായി നികുതി വരുമാനം ഒടുക്കാതിരിക്കുന്നത് തനത് വരുമാന നഷ്ടത്തിന് ഇടയാക്കുന്നതാണ്. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (19/16-10-2025)മറുപടിയായി ഇവയിൽ ചില സ്ഥാപനങ്ങൾ തൊഴിൽ നികുതി അടച്ചിരുന്നു എന്നും മറ്റ് സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുമെന്നും വാക്കാൽ അറിയിച്ചു. മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. കൂടാതെ ജീവനക്കാരുടെ തൊഴിൽ നികുതി കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതുമാണ്.

## 1-15 ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

1996-ലെ കേരള പഞ്ചായത്തിരാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം ലൈസൻസ് എടുക്കേണ്ട സ്ഥാപനങ്ങൾ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നതായി കാണുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | താരാ ബേക്കറി, മഞ്ചക്കുഴി |
| 2 | പുലരി ഹോട്ടൽ, മഞ്ചക്കുഴി |
| 3 | ഗണപതിപ്ലാക്കൽ അഗ്രോ നേഴ്സറി, ഇളങ്ങുളം |
| 4 | നടക്കൽ ടയേഴ്സ്, ഇളങ്ങുളം |

| | |
|---|---|
| 5 | ഏഷ്യൻ ട്രേഡേഴ്സ്, പൈക |
| 6 | ഗുഡ്പ്ലൈ ഇന്ത്യാ, എലിക്കുളം |
| 7 | ഡയബാസിസ് പ്രൈവറ്റ് ലിമിറ്റഡ്, ഇളങ്ങുളം |
| 8 | പസിഫിക് അഗ്രോ ടെക്, ഇളങ്ങുളം |
| 9 | ഹൈ റേഞ്ച് ഫുഡ് പ്രൊഡക്ട്സ്, എലിക്കുളം |
| 10 | അന്ന ഹോട്ടൽ, കൂരാലി |

മേൽ സ്ഥാപനങ്ങളിൽ നിന്ന് ലൈസൻസ് ഫീ ഈടാക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (20/16-10-2025) മറുപടിയായി ഇവയിൽ ചില സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിരുന്നുവെന്നും രജിസ്റ്ററിൽ സ്ഥാപനത്തിന്റെ പേരിന് പകരം സ്ഥാപനത്തിന്റെ തരമാണ് രേഖപ്പെടുത്തിയിരിക്കുന്നതെന്നും വാക്കാൽ അറിയിച്ചു. മേൽ സ്ഥാപനങ്ങൾ ലൈസൻസ് എടുത്തതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതും പഞ്ചായത്ത് പരിധിയിൽ സ്ഥാപനങ്ങൾ ലൈസൻസ് കൂടാതെ പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-16 വാടക ഈടാക്കൽ നടപടികളിലെ അപാകതകൾ

വാടകയുടെ ഡി.സി.ബി., എഗ്രിമെന്റുകൾ തുടങ്ങിയ രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ നിലനിൽക്കുന്നതായി കാണുന്നു.

1. 2024-25 വർഷം വാടക ഡിമാന്റ് തുക പൂർണമായി ഈടാക്കിയെങ്കിലും മുൻവർഷങ്ങളിലെ വാടക കുടിശികയായി 17,728/- രൂപ 31/03/2025 ൽ നിലനിൽക്കുന്നു. പ്രസ്തുത കുടിശിക വരുത്തിയ കുത്തകക്കാരന്റെ പേര്, കാലയളവ് എന്നിവ വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (8/14-10-2025) മറുപടിയായി 14/3/25 ലെ 25(1) തീരുമാനപ്രകാരം കുടിശ്ശിക ഈടാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചു. കുടിശ്ശിക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.
2. ഷോപ്പിങ്ങ് കോംപ്ലക്സ് വാടക വ്യവസ്ഥകൾ പ്രതിപാദിക്കുന്ന ബൈലോ പരിശോധനക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (8/14-10-2025) സമർപ്പിച്ച മറുപടിയിൽ ബൈലോ പ്രസിദ്ധീകരിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. ബൈലോ തയ്യാറാക്കി വാടക പിരിവ് ക്രമവത്ക്കരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-17 തനത് ഫണ്ട് ഇടപാടുകൾക്കായി അനേകം ബാങ്ക് അക്കൗണ്ടുകൾ നിലനിർത്തുന്നു.

എലിക്കുളം ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ട് ഇടപാടുകൾക്കായി ആകെ 4 ബാങ്ക് അക്കൗണ്ടുകളാണ് നിലവിലുള്ളത്. നേരിട്ടുള്ള പണമിടപാടുകൾക്കായി ഒരു അക്കൗണ്ടും ഓൺലൈൻ പണമിടപാടുകൾക്കായി മറ്റു മൂന്ന് അക്കൗണ്ടുകളും ആരംഭിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം. | ഉപയോഗം | ബാങ്ക്/ അക്കൗണ്ട് നമ്പർ | 31.03.2025 ലെ നീക്കിയിരിപ്പ് |
|---|---|---|---|
| 1 | തനതു ഫണ്ട് | ഇളങ്ങുളം സർവീസ് കോപ്പറേറ്റീവ് ബാങ്ക് (A/C NO: 772) | 1,14,45,336/- |
| 2 | തനതു ഫണ്ട് (E-PAYMENT) | HDFC ബാങ്ക് , ഇളങ്ങുളം (A/C NO: 50100410924151) | 7,66,743/- |
| 3 | തനതു ഫണ്ട് (E-PAYMENT) | എസ് ബി ഐ, ഇളങ്ങുളം (A/C NO: 67391119581 ) | 67,41,730/- |
| 4 | തനതു ഫണ്ട് (UPI) | എസ് ബി ഐ, ഇളങ്ങുളം (A/C NO: 42177863951) | 4,86,212/- |

ഓൺലൈൻ പണമിടപാടുകൾക്കായി എസ് ബി ഐ അക്കൗണ്ടിനൊപ്പം എച്ച് ഡി എഫ് സി ബാങ്ക് അക്കൗണ്ടും ഉപയോഗിച്ചുവരുന്നു. ഇ - പേയ്മെന്റ് സംവിധാനത്തിനായി ദേശസാൽകൃത ബാങ്ക് അക്കൗണ്ട് (S B I) നിലവിലുണ്ടായിരിക്കെ സ്വകാര്യ ബാങ്ക് അക്കൗണ്ട് നിലനിർത്തുന്നത് ശരിയായ നടപടിയല്ല. 1996 ലെ കേരള പഞ്ചായത്ത് രാജ് (Investment And Withdrawal Of Panchayat Fund) ചട്ടങ്ങൾ, ചട്ടം 3 പ്രകാരം പഞ്ചായത്ത് തനത് ഫണ്ട് നിക്ഷേപിക്കേണ്ടത് ഗവ. ട്രെഷറി, പോസ്റ്റ് ഓഫീസ് സേവിങ്സ് ബാങ്ക് , സഹകരണ ബാങ്ക്, ദേശസാൽകൃത ബാങ്കുകൾ ഇവയിലേതിലെങ്കിലുമായിരിക്കണം. തനത് ഫണ്ട് ഇടപാടുകൾക്കായി മറ്റ് ബാങ്ക് അക്കൗണ്ടുകൾ നിലനിർത്തി ക്രമ നം. 2 ബാങ്ക് അക്കൗണ്ട്

ക്ലോസ് ചെയ്യേണ്ടതാണ്. കറണ്ട് അക്കൗണ്ടുകളിൽ 31.03.2025 ൽ ഗണ്യമായി തുക നിലനിർത്തുന്നത് പഞ്ചായത്തിന്റെ ഉത്തമ സാമ്പത്തിക താൽപ്പര്യത്തിന് എതിരാണ്. അതിനാൽ പഞ്ചായത്തിന് ഗുണകരമായ രീതിയിൽ തുക നിക്ഷേപിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-18 ചെലവഴിക്കാത്ത ഗ്രാന്റ്, കുടിശ്ശികകൾ - തിരികെ ക്രമീകരിച്ചില്ല**

2024-25 ധനകാര്യ പത്രികയിലെ ബാലൻസ് ഷീറ്റ് ബി-9 ഷെഡ്യൂളിൽ “350400999-Refund Of Unutilised Grants- Prior Period " എന്ന ശീർഷകത്തിൽ 331352/- രൂപയും “350300199-Government And Other Dues Payable" എന്ന ശീർഷകത്തിൽ 32032/- രൂപയും ബാദ്ധ്യതയായി അവശേഷിക്കുന്നുണ്ട്. പ്രസ്തുത തുകകൾ ഏതിനത്തിൽ ലഭ്യമായതെന്നും ചെലവഴിക്കാത്ത ഗ്രാന്റ് തുക നിശ്ചിത ശീർഷകത്തിലേക്ക് തിരിച്ചടച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനും നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (13/16.10.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. ഓരോ ശീർഷകത്തിലും ബാദ്ധ്യതയായി നിൽക്കുന്ന തുകകളുടെ വിശദാംശങ്ങൾ കൃത്യമായി വിലയിരുത്തി വിനിയോഗ സാധ്യത ഇല്ലാത്തപക്ഷം നിശ്ചിത ശീർഷകങ്ങളിൽ അടവാക്കി രേഖകൾ ലഭ്യമാക്കേണ്ടതാണ്.

**1-19 മുൻകൂറുകൾ ക്രമീകരിക്കുവാൻ അവശേഷിക്കുന്നു**

ഗ്രാമപഞ്ചായത്തിന്റെ 31-03-2025 ലെ ബാലൻസ് ഷീറ്റ് പ്രകാരം ദീർഘനാളുകളായി ഉള്ള മുൻകൂറുകൾ ക്രമീകരിക്കാതെ അവശേഷിക്കുന്നതായി കാണുന്നു. 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-32 പ്രകാരം നിശ്ചിത കാലയളവുകളിൽ മുൻകൂറുകൾ ക്രമീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. 31-03-2025 വരെ ക്രമീകരിക്കാതെ തുടരുന്ന മുൻകൂറുകളുടെ വിവരം ബാലൻസ് ഷീറ്റ് പ്രകാരമുള്ളത് പട്ടികയിൽ ചേർക്കുന്നു .

| ക്രമ നം. | കണക്ക് ശീർഷകം | മുൻകൂർ ഇനം | മുൻകൂർ തുക |
|---|---|---|---|
| 1. | 460100199 | Other Advances | 1,52,300/- |
| 2. | 460400101 | Advance To Suppliers | 1,07,320/- |
| 3. | 460500202 | വൈദ്യുതി ബോർഡ് (KSEB Ltd.) | 41,99,555/- |
| 4. | 460500204 | കേരള വാട്ടർ അതോറിറ്റി (GWD) | 16,00,366/- |
| 5. | 460500206 | അനെർട്ട് | 12,67,948/- |
| 6. | 460500801 | MGNREGA | 6,07,435/- |
| 7. | 460509901 | മറ്റുള്ളവർക്ക് (Advance To Others) | 2,57,001/- |
| ആകെ 31/03/2025 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നത് | | | 81,91,925/- |

2024-25 സാമ്പത്തിക വർഷത്തിനു മുൻപുള്ള കാലയളവിൽ കെ.എസ്.ഇ.ബി. യിൽ നിക്ഷേപ പ്രവൃത്തികൾക്ക് പഞ്ചായത്ത് നിക്ഷേപിച്ചിരുന്ന 30 ലക്ഷത്തിലധികം രൂപയുടെ പ്രവൃത്തികളുടെ 31/03/2025 വരെയുള്ള പുരോഗതി (Implementation Status) പഞ്ചായത്ത് അധികാരികൾ പരിശോധിച്ച് അഡ്വാൻസ് രജിസ്റ്ററിൽ സാക്ഷ്യപ്പെടുത്തിയിട്ടില്ല. മുൻ വർഷങ്ങളിൽ തുക നിക്ഷേപിച്ച പ്രവർത്തികൾ 31/03/2025 വരെ നിർവ്വഹണം തുടങ്ങിയോ എന്ന വിവരവും അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. 148/19 നം. പ്രോജക്ട് പ്രകാരം സോളാർ ലൈറ്റ് ഇൻസ്റ്റലേഷനായി അനെർട്ടിന് നൽകിയ 107310/-രൂപ 6 വർഷത്തിനുശേഷവും ക്രമീകരിച്ചിട്ടില്ല . പ്രോജക്ട് പൂർത്തീകരിച്ചതിന്റെ വിശദാംശങ്ങൾ അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. മുൻകൂറുകൾ ക്രമീകരിക്കാതെ ദീർഘകാലം തുടരുന്ന അവസ്ഥയ്ക്ക് രേഖാമൂലം വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ എൻക്വയറിക്ക് (നം. 05/14.10.2025) മറുപടിയായി മുൻകൂറുകൾ ക്രമീകരിക്കുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. 2011-ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-58(4)(ഡി) പ്രകാരം സെക്രട്ടറി എല്ലാ മുൻകൂറുകളും എല്ലാ സാമ്പത്തിക വർഷാന്ത്യത്തിലും സ്ഥിരീകരിക്കേണ്ടതാണ്. വാർഡുകളിൽ ഫീൽഡ് പരിശോധന നടത്തി പ്രവൃത്തികളുടെ കാലിക സ്ഥിതി, പ്രവൃത്തി ആരംഭിച്ചതിന്റെ വിവരങ്ങൾ തുടങ്ങിയ വിശദാംശങ്ങൾ ചേർത്ത് രജിസ്റ്ററുകൾ പരിഷ്കരിക്കേണ്ടതാണ്. നൽകിയ എല്ലാ മുൻകൂറുകളും 2025-26 വർഷം തന്നെ ക്രമീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതും വിവരം ഡെപ്പോസിറ്റ് രജിസ്റ്ററിൽ ചേർത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

**1-20 റിഡംപ്ഷൻ തുക പൂർണ്ണമായും തിരികെ ലഭ്യമായില്ല.**

മുൻ വർഷത്തെ വാർഷിക ധനകാര്യ പത്രികയുടെ B-15 ഷെഡ്യൂൾ പ്രകാരം 42,57,554/- രൂപ റിഡംപ്ഷൻ ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കാൻ അവശേഷിക്കുന്നതായി അക്കൗണ്ട് ചെയ്തിട്ടുണ്ട്. 2024-25 വർഷത്തെ വാർഷിക കണക്കുകളിലെ RP 45 ഷെഡ്യൂൾ പ്രകാരം 35,54,671/- രൂപയാണ് തൻവർഷം തിരികെ ലഭ്യമായിട്ടുള്ളത്. ബാക്കി 7,02,883/- രൂപ തിരികെ ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ, തുക ലഭിക്കുന്നതിന് സ്വീകരിച്ച തുടർനടപടികളുടെ വിശദാംശങ്ങൾ എന്നിവ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (07/14.10.25) മറുപടി ലഭ്യമാക്കിയിട്ടില്ല. ലഭ്യമാകാനുള്ള തുകയുടെ വിശദാംശങ്ങൾ പരിശോധിച്ച് പ്രസ്തുത തുക തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-21 നിക്ഷേപപ്രവൃത്തികൾ - വിനിയോഗ/പൂർത്തീകരണവിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല**

2024-25 സാമ്പത്തിക വർഷം എലിക്കുളം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായിരുന്ന വിവിധ നിക്ഷേപ പ്രവൃത്തികളുടെ വിനിയോഗ വിവരങ്ങൾ അതത് ഏജൻസികൾ ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ, പേര് | അടങ്കൽ, ഫണ്ടിനം | ബിൽ നമ്പർ, വൗച്ചർ നമ്പർ, തീയതി | ചെലവ് തുക | തുക കൈമാറിയ സ്ഥാപനം |
|---|---|---|---|---|
| 282/25 - വിവിധ കുഴൽ കിണറുകൾക്ക് ഹാൻഡ് പമ്പ് സ്ഥാപിക്കൽ | 3,50,000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ് ) | XVFC/24-25/P/149/20.3.2025 രൂപ 3,15,000/- XVFC/24-25/P/156/23.3.2025 രൂപ 35,000/- | 3,50,000/- | ഭൂജലവകുപ്പ്, കോട്ടയം |
| 374/25 - പഞ്ചായത്തിന്റെ വിവിധ വാർഡുകളിലെ കുഴൽ കിണറുകൾക്ക് ഹാൻഡ് പമ്പ് സ്ഥാപിക്കൽ | 344400/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ് ) | XVFC/24-25/P/147/20.3.2025 രൂപ 183936/- XVFC/24-25/P/158/23.3.2025 രൂപ 1,60,464/- | 3,44,400/- | |
| 268/25 - സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ | 74,848/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ് ) | XVFC/24-25/P/33/07.11.2024 രൂപ 74,848/- | 74,848/- | കെ എസ് ഇ ബി, പൊൻകുന്നം സെക്ഷൻ |
| 8/25 - സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ | 1,75,000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ് - 1,11,812/-) (തനത് ഫണ്ട്-63,188/-) | XVFC/24-25/P/68/14.02.2025 രൂപ 47,547/- XVFC/24-25/P/148/20.03.2025 രൂപ 64,265/- 5861441/21.03.2025 രൂപ 63,160/- | 1,74,972/- | |
| 12/25 - പഴയ സ്ട്രീറ്റ് മെയിൻ ഉള്ളിടത്ത് ബോക്സ് സ്ഥാപിക്കൽ | 2,50,000/- (പൊതു വിഭാഗം വികസന ഫണ്ട് - 1,50,000/-) (തനത് ഫണ്ട് – 100000/-) | BRN No. 24080352003201091917/ 26.12.2024 രൂപ 70010/- BRN No. 24080352003201147364/ 08.1.2025 രൂപ 12,508/- | 82,508/- | |
| | | ആകെ | 10,26,728/- | |

മേൽ പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 10/15.10.2025) സമർപ്പിച്ച മറുപടിയിൽ അവ ലഭ്യമാക്കുന്നതിന് കത്ത് നൽകിയിട്ടുണ്ട് എന്നാണ് അറിയിച്ചിട്ടുള്ളത്. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 10,26,728/- രൂപയുടെ ചെലവ് ഓഡിറ്റിൽ

തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-22 റോഡ് ടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കുറവ് ചെയ്ത കാലിവീപ്പകളുടെ വില തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു

2024-25 വാർഷിക പദ്ധതിയിൽ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ ടാറിംഗ്/ റീടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കാലിവീപ്പകളുടെ വിലയും അതിന്റെ ജി.എസ്.റ്റി യും കുറവ് ചെയ്തത് "Sale Of Scrap/Empties And Waste Materials" എന്ന ശീർഷകത്തിലാണ് ഗ്രാമ പഞ്ചായത്തിന്റെ കണക്കിൽ അക്കൗണ്ട് ചെയ്തിട്ടുള്ളത്. 2024-25 വാർഷിക കണക്കിൽ RP5 ഷെഡ്യൂളിൽ 150120102 എന്ന ശീർഷകത്തിൽ 115158/- രൂപ വരവുണ്ട്. ഇത് കാലിവീപ്പകളുടെ വിലയും ജി.എസ്.റ്റി യും തനത് ഫണ്ടിൽ ക്രഡിറ്റ് ചെയ്തിരിക്കുന്നതാണ്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 30.10.2007 ലെ 59827/എഫ്.എം/ 07 നമ്പർ സർക്കുലർ പ്രകാരം കരാറുകാരുടെ ബില്ലിൽ നിന്നും ഈടാക്കുന്ന കാലിവീപ്പകളുടെ വില ഏത് ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത്/പ്രവൃത്തിക്ക് തുക ചെലവഴിച്ചത് അതേ ഫണ്ടിൽ തിരികെ ഒടുക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ ടാറിംഗ്/റീടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കുറവ് ചെയ്ത കാലിവീപ്പകളുടെ വില തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നത് ക്രമപ്രകാരമല്ല. അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 1/13.10.25-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. കരാറുകാരുടെ ബില്ലിൽ നിന്നും ഈടാക്കി തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്ന 115158/- രൂപ ബന്ധപ്പെട്ട ശീർഷകങ്ങളിൽ സർക്കാരിലേയ്ക്ക് ഒടുക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-23 ജവഹർ അങ്കണവാടി വടക്കുംഭാഗം കെട്ടിടനിർമ്മാണം- കെട്ടിടം ഉപയോഗപ്രദമാക്കിയിട്ടില്ല.

പ്രോജക്ട് നം. S0266/25
അടങ്കൽ- 1500000/- രൂപ (700000/- വികസന ഫണ്ട്, 800000/- തനത് ഫണ്ട് )
ചെലവ്- 1472908/- രൂപ (700000/- വികസന ഫണ്ട്, 772908/- തനത് ഫണ്ട് )
നിർവ്വഹണോദ്യോഗസ്ഥൻ- അസിസ്റ്റന്റ് എഞ്ചിനീയർ

എലിക്കുളം ഗ്രാമ പഞ്ചായത്തിന്റെ 13-ാം വാർഡിൽ നിലവിലുണ്ടായിരുന്ന ജവഹർ അങ്കണവാടി വടക്കുംഭാഗം കെട്ടിടം പൂർണ്ണമായും ഉപയോഗയോഗ്യമല്ലാതായതിനാൽ അങ്കണവാടി പ്രവർത്തിക്കുന്നതിനായി പുതിയ കോൺക്രീറ്റ് കെട്ടിടം നിർമ്മിക്കുന്നതിനാണ് പ്രോജക്ട് ഏറ്റെടുത്തത്. പ്രോജക്ട് പ്രകാരം 35.65 M2 ബിൽറ്റ് അപ് ഏരിയ ഉള്ള കോൺക്രീറ്റ് കെട്ടിടം നിർമ്മിച്ചിട്ടുണ്ട്. ചെലവ് വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | ബിൽ വിശദാംശം | തുക | ഫണ്ടിനം | ബിൽ നം/ തീയതി |
|---|---|---|---|---|
| 1 | ഒന്നാം പാർട്ട് ബിൽ | 377080/- | വികസന ഫണ്ട് | 200/9.5.24 |
| 2 | രണ്ടാം പാർട്ട് ബിൽ | 640210/- (322920/- വികസന ഫണ്ട്, 317290/- തനത് ഫണ്ട്) | വികസന ഫണ്ട്, തനത് ഫണ്ട് | 411/28.12.24, 412/28.12.24 |
| 3 | ഫൈനൽ ബിൽ | 455618/- | തനത് ഫണ്ട് | 673/22.3.25 |
| | ആകെ | 1472908/- | | |

കെട്ടിട നിർമ്മാണം പൂർത്തിയാക്കി പ്ലംബിംഗ്, സാനിട്ടറി ഇനങ്ങൾ എന്നിവ ചെയ്തിട്ടുണ്ട്. എന്നാൽ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ, ഇലക്ട്രിക് കണക്ഷൻ എന്നിവ പൂർത്തിയാക്കിയതായി കാണുന്നില്ല. ഇവ പൂർത്തിയാക്കുന്നതിന് തുടർ പ്രോജക്ടുകൾ ഏറ്റെടുത്തിട്ടുണ്ടെങ്കിൽ വിവരം ഓഡിറ്റിൽ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 18/ 16.10.25-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തി നടപ്പാക്കുന്നതിന് 2025-26 വർഷം പ്രോജക്ട് ഏറ്റെടുത്ത് നടന്നു വരുന്നതായി അറിയിച്ചു. ഇലക്ട്രിഫിക്കേഷൻ പ്രവൃത്തി പൂർത്തിയാക്കി ഇലക്ട്രിക് കണക്ഷൻ എടുത്ത് അങ്കണവാടി ഉപയോഗപ്രദമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-24 മരാമത്ത് പ്രവൃത്തികളുടെ ഇൻഷുറൻസ് രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ രേഖകളിലെ വ്യവസ്ഥകൾ പ്രകാരം കരാറുകാരൻ പ്രവൃത്തിയ്ക്ക് കരാർ തുകയുടെ 0.5% തുകയ്ക്കുള്ള (മിനിമം- 200000/- രൂപയുടെ) ഇൻഷുറൻസ് എടുക്കണമെന്നും പ്രവൃത്തി തുടങ്ങി 15 ദിവസത്തിനകം ആയത് അസിസ്റ്റന്റ് എഞ്ചിനീയർക്ക് സമർപ്പിക്കണമെന്നും സെലക്ഷൻ നോട്ടീസിലെ 6-ാം വ്യവസ്ഥയിൽ പറയുന്നു. ഇൻഷുറൻസ് രേഖകൾ സമർപ്പിക്കാത്ത പക്ഷം കരാർ തുകയുടെ 0.2% ബിൽ തുകയിൽ നിന്നും കുറവ് ചെയ്യുന്നതാണെന്നും വ്യവസ്ഥ ചെയ്തിരുന്നു. എലിക്കുളം ഗ്രാമ പഞ്ചായത്തിൽ 2024-25 വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ പ്രവൃത്തികളിൽ ഇൻഷ്വർ ചെയ്തതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. കരാർ തുകയുടെ 0.2% ബില്ലിൽ നിന്നും കുറവ് ചെയ്തതായും കാണുന്നില്ല.

ഇൻഷുറൻസ് രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണെന്നും അല്ലാത്തപക്ഷം കരാർ തുകയുടെ 0.2% ബില്ലിൽ നിന്നും കുറവ് ചെയ്യാതിരുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നും ആവശ്യപ്പെട്ട് നൽകിയ 3/13.10.25-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ ഇൻഷുറൻസ് രേഖകൾ പ്രത്യേക ഫയലായി സൂക്ഷിച്ചിട്ടുണ്ട് എന്ന് അറിയിച്ചു. ഇൻഷുറൻസ് രേഖകൾ ഹാജരാക്കാത്ത കരാറുകാരുടെ ബില്ലിൽ നിന്നും കരാർ തുകയുടെ 0.2% കുറവ് ചെയ്ത് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് അടവാക്കേണ്ടതാണ്. ഇൻഷുറൻസ് രേഖകൾ അതത് പ്രവൃത്തികളുടെ ഫയലിൽ സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-25 രണ്ടാം മൈൽ കുടിവെള്ള പദ്ധതി മെയിന്റനൻസ്- അപാകതകൾ

പ്രോജക്ട് നം. S0222/25
അടങ്കൽ- 200000/- രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ് )
ചെലവ്- 118568/- രൂപ (ബിൽ നം. 536/24.2.25 )
നിർവ്വഹണോദ്യോഗസ്ഥൻ- അസിസ്റ്റന്റ് എഞ്ചിനീയർ

എലിക്കുളം ഗ്രാമ പഞ്ചായത്തിന്റെ 11-ാം വാർഡിലുള്ള കുടിവെള്ള പദ്ധതിക്ക് പമ്പ് ഹൗസ് നിർമ്മിക്കുന്നതിനും HDPE പൈപ്പ് സ്ഥാപിക്കുന്നതിനുമാണ് പ്രോജക്ട് നടപ്പാക്കിയത്. പ്രോജക്ട് പ്രകാരം പമ്പ് ഹൗസ് നിർമ്മിക്കുകയും HDPE പൈപ്പ് 251 മീറ്റർ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ കുടിവെള്ള പദ്ധതിയുടെ പൂർത്തീകരണത്തിനാവശ്യമായ മറ്റിനങ്ങൾ ചെയ്തതിന്റെ വിവരം ഫയലിൽ ലഭ്യമല്ല. അപാകതക്ക് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 9/ 15.10.25-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ കുടിവെള്ള പദ്ധതി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു എന്ന് അറിയിച്ചു. കുടിവെള്ള പദ്ധതി പൂർത്തിയാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അതുവരെ 118568/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-26 ലൈഫ് ഭവന നിർമ്മാണ - ഭവനപുനരുദ്ധാരണ പദ്ധതികൾ - ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിച്ചില്ല

### എ) ലൈഫ് ഭവന നിർമാണ പദ്ധതി

ഭവന നിർമാണത്തിനായി കരാറിലേർപ്പെട്ട് ധനസഹായം കൈപ്പറ്റിയെങ്കിലും, നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാതെ/ പൂർത്തീകരിക്കാതെ തുടരുന്ന ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ (സ്ഥാപനത്തിലെ ലൈഫ് രജിസ്റ്റർ പ്രകാരമുള്ളത്) ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്, വിലാസം (വാർഡ്) | ആകെ അനുവദിച്ച് നൽകിയ തുക | അവസാന ഗഡു അനുവദിച്ച് നൽകിയ തീയതി |
|---|---|---|---|
| 1) | സുനിജ സുരേന്ദ്രൻ, കടൂക്കുന്നേൽ(XIV), കൂരാലി | 3,60,000/- | 25/03/2023 |
| 2) | അമ്പിളി പ്രശാന്ത്, തോമ്പിൽ (VI), വഞ്ചിമല | 2,00,000/- | 18/05/2023 |
| 3) | സരസമ്മ. വി. എസ്, അനു ഭവൻ (VIII), പനമറ്റം | 40,000/- | 30/03/2023 |
| 4) | ഔസേപ്പ് യോഹന്നാൻ, മുതുകാട്ടുമ്പുറത്ത് (X), നരിയാനാനി | 2,00,000/- | 09/08/2023 |
| 5) | ചെല്ല ദുരൈ, വേങ്ങത്താനം (X), ഇടക്കുന്നം | 3,60,000/- | 20/08/2022 |
| 6) | സിന്ധു, ചേരിക്കലത്ത് (VI), വഞ്ചിമല | 40,000/- | 25/03/2023 |

**ബി) ഭവനപുനരുദ്ധാരണ പദ്ധതി**

ധനസഹായം കൈപ്പറ്റി നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാതെ / പൂർത്തീകരിക്കാതെ തുടരുന്ന ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ (സ്ഥാപനത്തിലെ ലൈഫ് രജിസ്റ്റർ പ്രകാരമുള്ളത്) ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്, വിലാസം (വാർഡ്) | ആകെ അനുവദിച്ച് നൽകിയ തുക | അവസാന ഗഡു അനുവദിച്ച് നൽകിയ തീയതി |
|---|---|---|---|
| 1) | സലോമി ഐസക്, കണ്ടത്തിൽ (X) | 20,000/- | 27/01/2025 |
| 2) | വിനോദ്. എ. ജി, അങ്ങാടിയിൽ | 20,000/- | 07/02/2025 |
| 3) | റോസമ്മ മാത്യു, തുണ്ടത്തിൽ | 20,000/- | 07/02/2025 |
| 4) | ഉണ്ണികൃഷ്ണൻ, കുന്നേൽ (IX), പനമറ്റം | 20,000/- | 21/12/2023 |
| 5) | രാജു. എം. എൻ, മാളിയേക്കൽ (XV) | 20,000/- | 06/07/2024 |
| 6) | ലീല സുബ്രമണ്യൻ, വടുക്കവെട്ടി (III), മല്ലികശ്ശേരി | 35,500/- | 20/03/2024 |

2022 -ൽ ധനസഹായം കൈപ്പറ്റിയ ഗുണഭോക്താവ് ഉൾപ്പെടെ ഭവനനിർമ്മാണം/ നവീകരണം പൂർത്തീകരിച്ചിട്ടില്ലായെന്ന വിഷയത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. കാലതാമസം കൂടാതെ, നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ച്, വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ഭരണസമിതി അംഗങ്ങൾ ഈ വിഷയത്തിൽ ക്രിയാത്മകമായ ഇടപെടൽ നടത്തേണ്ടതും നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നിതിന് വേണ്ട നിർദ്ദേശങ്ങൾ ഗുണഭോക്താക്കൾക്ക് നൽകേണ്ടതുമാണ്. കൈപ്പറ്റിയ തുക ദുർവിനിയോഗം ചെയ്തതായി ബോധ്യപ്പെടുന്ന പക്ഷം പിഴപ്പലിശ സഹിതം തിരികെ ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

**സി) കരാറിൽ ഏർപ്പെട്ടതിന് ശേഷവും ആദ്യ ഗഡു ധനസഹായം അനുവദിച്ച് നൽകിയില്ല**

ലൈഫ് ഭവന നിർമ്മാണ പദ്ധതിയുമായി ബന്ധപ്പെട്ട്, 2023 -ൽ കരാറിലേർപ്പെട്ടിട്ടും ധനസഹായം അനുവദിച്ച് നൽകാത്തതായി കാണുന്നു. ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) മിനി വിശ്വൻ, ഈട്ടിയ്ക്കൽ, മല്ലികശ്ശേരി (വാർഡ്- II)
2) അന്നമ്മ ആന്റണി, ആഞ്ഞിലിക്കൽ, പനമറ്റം (വാർഡ്- VIII)
3) സിബി ജോസഫ്, ഓലിപ്പാറ, മല്ലികശ്ശേരി (വാർഡ്- II)
4) ജാനകി അമ്മ, വാഴേട്ട്, പനമറ്റം (വാർഡ്- VII)

പ്രസ്തുത ഗുണഭോക്താക്കൾക്ക് ലൈഫ് ഭവന നിർമ്മാണ പദ്ധതിയുടെ ധനസഹായ തുക അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് നിയമാനുസൃതമായ തുടർനടപടികൾ സ്വീകരിക്കേണ്ടതും, വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-27 ഭിന്നശേഷിയുള്ളവർക്ക് ഉപകരണ വിതരണം - അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം. | S0063/25 - ഭിന്നശേഷിയുള്ളവർക്ക് മെഡിക്കൽ ക്യാമ്പും ഉപകരണ വിതരണവും |
| നിർവ്വഹണോദ്യോഗസ്ഥൻ | ഐ സി ഡി എസ് സൂപ്പർവൈസർ |
| അടങ്കൽ | 100000/-, വികസനഫണ്ട് |
| ചെലവ് | 99266/-, ഇൻവോയിസ് നമ്പർ : 211/24-25/28.02.2025 |
| ബിൽ നം. | 694/25.03.25 |

ഭിന്നശേഷിയുള്ളവർക്ക് വിതരണം നടത്തുന്നതിനായി മേൽ പ്രോജക്ട് പ്രകാരം കേരള വികലാംഗ ക്ഷേമ കോർപ്പറേഷന് തുക നൽകിയിട്ടുണ്ട്. ഇൻവോയിസ് പ്രകാരം Elbow Crutches Deluxe എന്ന ഉപകരണം രണ്ട് എണ്ണം 670/- രൂപ നിരക്കിൽ വാങ്ങുന്നതിനായി തുക നൽകിയിട്ടുണ്ടെങ്കിലും സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചപ്പോൾ ഒരെണ്ണം മാത്രം ലഭിച്ചതായാണ് കാണുന്നത്. മെഡിക്കൽ ക്യാമ്പ് നടത്തി ഗുണഭോക്താക്കളെ കണ്ടെത്തിയിരുന്നെങ്കിലും ഫയൽ പരിശോധനയിൽ ലഭ്യമായ ഉപകരണം വിതരണം ചെയ്തതായും കാണുന്നില്ല. ടാക്സ് ഇൻവോയ്സ് പ്രകാരമുള്ള മുഴുവൻ ഉപകരണങ്ങളും ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും ലഭ്യമായ ഉപകരണങ്ങൾ വിതരണം

ചെയ്യാൻ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങളും അറിയിക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം. 12/15.10.2025) മറുപടിയായി എല്ലാ ഉപകരണങ്ങളും ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുള്ളതാണെന്നും Elbow Crutches എന്ന ഉപകരണം ഒരു ഗുണഭോക്താവ് വികലാംഗ കോർപറേഷനിൽ നിന്നും നേരിട്ട് കൈപ്പറ്റിയിട്ടുള്ളതായും അറിയിച്ചു. എന്നാൽ ഗുണഭോക്താവ് ഉപകരണം കൈപ്പറ്റിയത് സംബന്ധിച്ച് രേഖകളോ മറ്റ് വിശദാംശങ്ങളോ മറുപടിക്കൊപ്പം ലഭ്യമാക്കിയില്ല. രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-28 ഹോമിയോ മരുന്നുകൾ പൂർണ്ണമായും ഡിസ്പെൻസറിക്ക് ലഭ്യമായില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര്, നം. | ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ (S0025/25) |
| അടങ്കൽ തുക , ഫണ്ടിനം | 3 ലക്ഷം, സംരക്ഷണ ഗ്രാന്റ് (റോഡിതരം) |
| ചെലവ് | 3 ലക്ഷം, ബിൽ നം.524/19-02-2025 |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ ഹോമിയോ |

ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നു വാങ്ങുന്നതിന് ആവിഷ്ക്കരിച്ച പ്രസ്തുത പ്രോജക്ട് പ്രകാരം 3 ലക്ഷം രൂപ ഹോംകോയ്ക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ ടി തുകയിൽ 77881/- രൂപയുടെ മരുന്നുകൾ നാളിതുവരെ ലഭ്യമായിട്ടില്ല. മരുന്നുകൾ ഡിസ്പെൻസറിയിൽ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് ഇൻവോയ്സിന്റെ പകർപ്പ് സഹിതം മറുപടി ലഭ്യമാക്കുന്നത് വരെ 77881/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-29 പൂരക പോഷകാഹാര പദ്ധതി - വാഹനകൂലി ഇനത്തിൽ അധിക തുക നൽകി

| | |
|---|---|
| പ്രോജക്ട് നം. | S0052/25 - അംഗൻവാടി പൂരക പോഷകാഹാര പദ്ധതി |
| നിർവ്വഹണോദ്യോഗസ്ഥൻ | ഐ സി ഡി എസ് സൂപ്പർവൈസർ |
| അടങ്കൽ | 26,00,000/-<br>(1000000/-, വികസന ഫണ്ട്<br>1000000/-, കേന്ദ്രാവിഷ്കൃത ഫണ്ട്<br>200000/-, ബ്ലോക്ക് വിഹിതം<br>400000/-, ജില്ലാ പഞ്ചായത്ത് വിഹിതം) |
| ചെലവ് | 20,10,295/-<br>(1000000/- , വികസന ഫണ്ട്<br>919889/-, കേന്ദ്രാവിഷ്കൃത ഫണ്ട്<br>90406/-, ബ്ലോക്ക് വിഹിതം ) |

മേൽ പ്രോജക്ട് പ്രകാരം എലിക്കുളം ഗ്രാമപഞ്ചായത്തിലെ 24 അങ്കണവാടികളിലേക്ക് 2025 മാർച്ച് മാസം ഭക്ഷണ സാധനങ്ങൾ വിതരണം ചെയ്ത വകയിൽ ശ്രീ. തോമസ് ജോസഫ് എന്നയാൾക്ക് 5723/- രൂപ (ബിൽ നം.689/25.03.2025) വണ്ടിക്കൂലിയിനത്തിൽ നൽകിയിട്ടുണ്ട്. എന്നാൽ ടിയാൻ സമർപ്പിച്ച വൗച്ചർ പ്രകാരം തൻമാസത്തെ വണ്ടിക്കൂലി 3822/- രൂപയാണ്. വണ്ടിക്കൂലിയിനത്തിൽ 1901/- രൂപ അധികം നൽകിയിട്ടുണ്ട്. വിശദീകരണം ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 21/16.10.2025) മറുപടി ലഭ്യമാക്കിയില്ല. അധികം നൽകിയ 1,901/- രൂപ ടിയാനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥയുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## 1-30 ക്ഷീര കർഷകർക്ക് ധാതുലവണ മിശ്രിതം വിതരണം- വിതരണവിവരം വ്യക്തമല്ല.

പ്രോജക്ട് നം. S0353/25
അടങ്കൽ- 123200 രൂപ (വികസന ഫണ്ട്)
ചെലവ്- 55000 രൂപ (ബിൽ നം. 8/24-25/ 21.3.25)
നിർവ്വഹണോദ്യോഗസ്ഥൻ- വെറ്ററിനറി സർജൻ, എലിക്കുളം

എലിക്കുളം ഗ്രാമ പഞ്ചായത്തിന്റെ 2024-25 വാർഷിക പദ്ധതിയിൽ നടപ്പാക്കിയ മേൽ പ്രോജക്ട് പ്രകാരം "കർണാടക ആന്റിബയോടിക്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ്", എറണാകുളം എന്ന സ്ഥാപനത്തിൽ നിന്നും കാൽവിമിൻ ഗോൾഡ് മിനറൽ മിശ്രിതം 1 കി. ഗ്രാമിന്റെ 200 പായ്ക്കറ്റും 5 കി. ഗ്രാമിന്റെ 50 പായ്ക്കറ്റും വാങ്ങിയിട്ടുണ്ട്. 50 ഗുണഭോക്താക്കളുടെ അപേക്ഷകൾ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ധാതുലവണ മിശ്രിതം

കൈപ്പറ്റിയതായി 104 ഗുണഭോക്താക്കൾ രജിസ്റ്ററിൽ ഒപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഓരോ ഗുണഭോക്താക്കൾക്കും എത്ര അളവിലാണ് വിതരണം ചെയ്തതെന്ന് രേഖപ്പടുത്തിയിട്ടില്ല. ആയതിനാൽ വാങ്ങിയ ധാതുലവണ മിശ്രിതം പൂർണ്ണമായും വിതരണം ചെയ്തോ എന്ന് വ്യക്തമല്ല. അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 11/15.10.25-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ ഓരോ ഗുണഭോക്താക്കൾക്കും 9 കി. ഗ്രാം വീതമാണ് വിതരണം ചെയ്തത് എന്നും രജിസ്റ്ററിലെ അപാകത പരിഹരിക്കുന്നതാണെന്നും, പ്രോജക്ട് സ്പിൽ ഓവറായി തുടരുന്നതിനാലാണ് രജിസ്റ്ററിൽ 104 ഗുണഭോക്താക്കൾ ഒപ്പ് രേഖപ്പെടുത്തിയിരിക്കുന്നത് എന്നും അറിയിച്ചു. അപാകത പരിഹരിച്ച് മറുപടി രേഖാമൂലം ലഭ്യമാക്കേണ്ടതാണ്. അതുവരെ 55000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-31 ബാലസഭ പ്രവർത്തനത്തിന് അധിക തുക നൽകി

വാർഷിക പദ്ധതിയുടെ ഭാഗമായി, അസിസ്റ്റന്റ് സെക്രട്ടറി 'ബാലസഭ' എന്ന പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം./ പേര് | S0139/2025 ബാലസഭ |
| ഫണ്ട്<br>അടങ്കൽ | പൊതു വിഭാഗം സാധാരണ വിഹിതം<br>20000/- |
| ചെലവ് | 18355/- |
| ബിൽ നം./ തീയതി | 591- 11/03/2025 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

പതിനാലാം പഞ്ചവത്സര പദ്ധതി, സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ എന്നിവ സംബന്ധിച്ച മാർഗ്ഗരേഖയുടെ (തദ്ദേശസ്വയംഭരണ വകുപ്പിന്റെ 28.05.2022-ലെ ജി.ഒ.(എം.എസ്) നം. 115/2022 ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചത്) ഖണ്ഡിക 7.7.10 - 1 അനുസരിച്ച്, ബാലസഭ പ്രവർത്തനങ്ങൾക്കായി ഗ്രാമ പഞ്ചായത്തുകൾക്ക് ഓരോ വാർഡിലും പരമാവധി 1,000/- രൂപയാണ് ചെലവഴിക്കാവുന്നത്. അതുപ്രകാരം 16 വാർഡുകൾ ഉള്ള എലിക്കുളം ഗ്രാമപഞ്ചായത്തിൽ ഒരുവർഷം പ്രസ്തുത പദ്ധതിക്കായി ചെലവഴിക്കാവുന്ന പരമാവധി തുക 16,000/- രൂപയാണ്. സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമല്ലാതെ അധികമായി 2355/- രൂപ (18355-16000) ചെലവഴിക്കാനുണ്ടായ സാഹചര്യത്തിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (4/14-10-2025) മറുപടി ലഭിച്ചില്ല. സർക്കാർ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി അധികം ചെലവഴിച്ച 2,355/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-32 ഹെൽത്ത് ഗ്രാന്റ് വിനിയോഗം - അവലോകനം

പ്രാഥമിക ആരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായാണ് പതിനഞ്ചാം ധനകാര്യ കമ്മീഷൻ 2021-22 മുതൽ 2025-26 വരെ ആരോഗ്യമേഖലാ ഗ്രാന്റ് അനുവദിച്ചിട്ടുള്ളത്. ആരോഗ്യ സ്ഥാപനങ്ങളുടെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്നിനും പൊതുജനങ്ങൾക്ക് മികച്ച സേവനം നൽകുന്നതിനുമുള്ള ശ്രമങ്ങൾ നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായി കേരളമൊട്ടാകെ നടന്നുവരികയായതിനാൽ മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി ആർദ്രം മിഷനിലൂടെ ആരോഗ്യ മേഖലാ ഗ്രാന്റ് ഉപയോഗപ്പെടുത്തുക എന്ന സമീപനമാണ് കേരളത്തിൽ സ്വീകരിച്ചിട്ടുള്ളത്. ആരോഗ്യമേഖലാ ഗ്രാന്റിന്റെ നോഡൽ മന്ത്രാലയമായ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങളെ അടിസ്ഥാനമാക്കിയാണ് കർമ്മപദ്ധതി തയ്യാറാക്കിയിട്ടുള്ളത്. ആരോഗ്യമേഖലാ ഗ്രാന്റ് വിനിയോഗത്തിനാധാരമായിട്ടുള്ള സർക്കാർ ഉത്തരവുകളും സർക്കുലറുകളും ചുവടെ ചേർക്കുന്നു .

| ക്രമ നമ്പർ | മാർഗരേഖയുടെ നമ്പർ, തീയതി |
|---|---|
| 1 | G.O(Rt) No. 2132/2022/LSGD Dated 31.08.2022 |
| 2 | G.O(Rt) No. 2156/2022/LSGD Dated 01.09.2022 |
| 3 | G.O(Rt) No. 3157/2022/LSGD Dated 21.12.2022 (Urban Local Bodies) |
| 4 | G.O(Rt) No. 1078/2022/LSGD Dated 20.05.2023 (Urban Local Bodies) |
| 5 | Circular No. FM3/138/2023/LSGD Dated 23.05.2023 |
| 6 | G.O(Rt) No. 1625/2023/LSGD Dated 09.08.2023 |

കുടുംബാരോഗ്യകേന്ദ്രത്തിലും സബ്സെന്ററുകളിലും രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും, ആരോഗ്യ സ്ഥാപനങ്ങൾ മുഖേന ഹെൽത്ത് & വെൽനെസ്സ് പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനും കെട്ടിടമില്ലാത്ത കുടുംബാരോഗ്യ/ഉപകേന്ദ്രങ്ങൾക്ക് കെട്ടിട നിർമ്മാണത്തിനുമായി ഹെൽത്ത് ഗ്രാന്റ് ഉപയോഗിക്കേണ്ടതാണ്. ഇത് ധനകാര്യ കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള വിവിധ സ്കീമുകൾ വഴിയാണ് നടപ്പാക്കേണ്ടത്. സ്കീമുകൾ താഴെ നൽകുന്നു.

<u>സ്കീം-1 കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കാൻ സഹായം</u>

കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി കെട്ടിടം നിർമ്മിക്കാൻ ധനസഹായം നൽകുന്നു. കേന്ദ്ര ആരോഗ്യ കുടുംബ ക്ഷേമ മന്ത്രാലയം 31.08.2021 ന് പുറപ്പെടുവിച്ച സാങ്കേതിക മാർഗ്ഗരേഖയുടെ അനുബന്ധം-3.3 പ്രകാരമുള്ള ലേ-ഔട്ട് പ്ലാൻ കെട്ടിട നിർമ്മാണ മാതൃക പ്രകാരമാണ് കെട്ടിടങ്ങൾ നിർമ്മിക്കേണ്ടത്.

<u>സ്കീം-2 ബ്ലോക്ക് പൊതുജനാരോഗ്യ കേന്ദ്രങ്ങൾക്ക് സഹായം</u>

ബ്ലോക്ക് കുടുബാരോഗ്യകേന്ദ്രങ്ങൾക്ക് വിവിധ പ്രവർത്തനങ്ങൾക്ക് സഹായം നൽകൽ

<u>സ്കീം-3 ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ</u>

പ്രാഥമികാരോഗ്യ പരിരക്ഷ നൽകുന്ന എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലും രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തുകയാണ് ഈ സ്കീമിന്റെ ലക്ഷ്യം. ഉപകേന്ദ്രങ്ങളിൽ രോഗനിർണ്ണയം സൗകര്യങ്ങൾ ഏർപ്പെടുത്തൽ, കുടുബാരോഗ്യ കേന്ദ്രങ്ങളിലും പ്രാഥമികാരോഗ്യ പരിരക്ഷ നൽകുന്ന മറ്റ് ആരോഗ്യ സ്ഥാപനങ്ങളിലും രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ എന്നീ രണ്ട് ഘടകങ്ങളിലായി പ്രവർത്തനം നടത്തുന്നു.

<u>സ്കീം-4 ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് അൻഡ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ.</u>

ഗ്രാമപ്രദേശങ്ങളിൽ ആരോഗ്യ വർദ്ധക സേവനങ്ങൾ, ആരോഗ്യകരമായ ഭക്ഷണശീലം, വ്യായാമം, ശുചിത്വം മുതലായവ പ്രോത്സാഹിപ്പിക്കൽ, രോഗ പ്രതിരോധ പ്രവർത്തനങ്ങൾ, അസുഖങ്ങൾ പ്രാരംഭ ഘട്ടത്തിൽ തന്നെ കണ്ടുപിടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, ദീർഘകാല രോഗികൾക്ക് മാനസിക സാമൂഹ്യ പിന്തുണ നൽകൽ, പാലിയേറ്റീവ് പ്രവർത്തനങ്ങൾ തുടങ്ങിയവ ഉൾപ്പെടുന്നു.

<u>സ്കീം-5 നഗരപ്രദേശങ്ങളിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ.</u>

ഉപകരണങ്ങൾ വാങ്ങുന്നതിനും കേരളാ മെഡിക്കൽ കോർപ്പറേഷനിൽ പരിശീലനവും ഉൾപ്പെടുന്നു.

<u>സ്കീം- 6 അർബൻ ഹെൽത്ത് & വെൽനസ് കേന്ദ്രങ്ങൾ.</u>

അർബൻ ഹെൽത്ത് & വെൽനസ് കേന്ദ്രങ്ങൾ, അർബൻ പോളിക്ലിനിക്കുകൾ സ്ഥാപിക്കൽ എന്നീ രണ്ട് ഘടകങ്ങൾ ഉൾപ്പെടുന്നു.

## <u>ഫണ്ട് വിശകലനം</u>

എലിക്കുളം ഗ്രാമപഞ്ചായത്തിൽ 2021-22 മുതൽ 2024-25 വരെ ലഭ്യമായ വിവിധയിനം ഹെൽത്ത് ഗ്രാന്റ് വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്കീം | 21-22 | 22-23 | 23-24 | 24-25 |
|---|---|---|---|---|---|
| 1 | സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രച്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റി 1.സബ് സെന്ററേഴ്സ് | 0 | 243741 | 899880 | 382988 |
| 2. | കൺവേർഷൻ ഓഫ് റൂറൽ പി.എച്ച്.സി ആന്റ് സബ്സെന്ററെഴ്സ് ഇൻ ടു ഹെൽത്ത് ആന്റ് വെൽനസ്സ് സെന്റർ | 0 | 108244 | 379618 | 602218 |

ഗ്രാമ പഞ്ചായത്തിന്റെ വാർഷിക കണക്കുകളിൽ ഹെൽത്ത് ഗ്രാന്റിന്റെ വിനിയോഗ വിവരം പ്രതിഫലിക്കുന്നുണ്ട്.

## <u>ഫണ്ട് വിനിയോഗം</u>

എലിക്കുളം ഗ്രാമപഞ്ചായത്തിൽ 2021-22 മുതൽ 2024-25 വരെ വിവിധ സ്കീമുകളിൽ ലഭ്യമായ ഹെൽത്ത് ഗ്രാന്റുകളുടെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു .

| ക്രമ നം | ഇനം | ലഭിച്ച ഹെൽത്ത് ഗ്രാന്റ് | ആകെ | ചെലവഴിച്ച തുക | ആകെ | ബാലൻസ് |
|---|---|---|---|---|---|---|
| | | | | | | |

| | | 2021-22 | 2022-23 | 2023-24 | 2024-25 | | 2021-22 | 2022-23 | 2023-24 | 2024-25 | | |
|---|---|---|---|---|---|---|---|---|---|---|---|---|
| 1 | സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രച്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റി 1. സബ് സെന്ററേഴ്ജ് | Nil | 243741 | 899880 | 382988 | **1526609** | Nil | 240959 | 703865 | 124780 | **1069604** | **457005** |
| 2 | കൺവേർഷൻ ഓഫ് റൂറൽ പി.എച്ച്.സി ആന്റ് സബ് സെന്ററെഴ്ജ് ഇൻ ടു ഹെൽത്ത് ആന്റ് വെൽനസ്സ് സെന്റർ | Nil | 108244 | 379618 | 602218 | **1090080** | Nil | 106942 | 180589 | 194411 | **481942** | **608138** |
| **Total** | | | | | | **2616689** | | | | | **1551546** | **1065143/-** |

ഗ്രാന്റ് തുകയുടെ വിനിയോഗത്തിനായി കാനറാ ബാങ്ക്, പൊൻകുന്നം ശാഖയിൽ താഴെപ്പറയും പ്രകാരം മൂന്ന് അക്കൗണ്ടുകൾ ആരംഭിച്ചിട്ടുണ്ട്.

| ഇനം | അക്കൗണ്ട് നം. |
|---|---|
| സ്കീം 1 - കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുവാൻ സഹായം | 110042768391 |
| സ്കീം 3 - ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | 110042736642 |
| സ്കീം 4 – ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ | 110042773715 |

അതത് സ്കീമുകളുടെ പ്രവർത്തനങ്ങൾക്കായി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ച പ്രകാരമുള്ള നിർവ്വഹണ ഉദ്യോഗസ്ഥരാണ് ഗ്രാന്റ് തുകയുടെ വിനിയോഗം നിർവ്വഹിക്കുന്നത്. കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ അസിസ്റ്റന്റ് എഞ്ചിനീയറും രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ, ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ എന്നിവ മെഡിക്കൽ ഓഫീസറുമാണ് നിർവ്വഹിക്കുന്നത്. 2022-23, 2023-24, 2024-25 വർഷങ്ങളിലായി ആകെ 8 പ്രോജക്ടുകൾ വിഭാവനം ചെയ്തതിൽ 6 പ്രോജക്ടുകൾ നടപ്പാക്കുവാനായി സാധിച്ചിട്ടുണ്ട്. സ്കീം 1 വിഭാഗത്തിലുള്ള പ്രോജക്ടുകൾ നടപ്പിലാക്കുവാനായി പഞ്ചായത്തിന് സാധിച്ചിട്ടില്ല. പൈക സാമൂഹ്യാരോഗ്യ കേന്ദ്രത്തിന് നിലവിൽ 2 ഉപകേന്ദ്രങ്ങളാണുള്ളത്. ഉപകേന്ദ്രങ്ങളായ ഉരുളികുന്നം, പനമറ്റം സബ് സെന്ററുകളുടെ കെട്ടിടങ്ങൾ നിലവിൽ ശോചനീയാവസ്ഥയിലാണുള്ളത്. നാഷണൽ ഹെൽത്ത് മിഷൻ സ്കീം പ്രകാരം കെട്ടിട നിർമ്മാണത്തിനുള്ള പ്രാരംഭ നടപടികൾ നടന്നുവരുന്നു. ആയതിനാൽ സ്കീം 1 വിഭാഗത്തിൽ ഗ്രാന്റ് ലഭ്യമാക്കുവാൻ ഭരണസമിതി തലത്തിൽ വേണ്ട ഇടപെടലുകൾ നടത്തേണ്ടതാണ്. മുൻ വർഷങ്ങളിൽ ആർദ്രം മിഷൻ ഫണ്ടുപയോഗിച്ച് കുടുംബാരോഗ്യ കേന്ദ്രത്തിൽ നവീകരണ പ്രവർത്തനങ്ങൾ നടത്തിയിരുന്നു. ആരോഗ്യസ്ഥാപനങ്ങളിലെ ജീവനക്കാർ, ആരോഗ്യപ്രവർത്തകർ, ആശമാർ എന്നിവർക്ക് സ്കീം 3 പ്രകാരം പരിശീലനം പ്രസ്തുത ഗ്രാന്റ് വിനിയോഗിച്ച് നൽകിയിട്ടില്ല. സ്കീം 4 നിർദ്ദേശിക്കും പ്രകാരം ആരോഗ്യസ്ഥാപനങ്ങളിൽ നിന്നും നൽകുവാൻ ഉദ്ദേശിച്ചിട്ടുള്ള സേവനങ്ങളുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്കിടയിൽ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തിയിട്ടില്ല. സ്കീം-4 പ്രകാരം ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് അൻഡ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ പദ്ധതി കാര്യക്ഷമമായി നടപ്പാക്കിയിട്ടുണ്ട്. പ്രസ്തുത ഗ്രാന്റ് ഉപയോഗിച്ച് നടപ്പാക്കേണ്ട ആരോഗ്യ വർദ്ധക സേവനങ്ങൾ, ആരോഗ്യകരമായ ഭക്ഷണശീലം, വ്യായാമം, ശുചിത്വം മുതലായ പ്രോത്സാഹിപ്പിക്കൽ പരിപാടികൾ നടത്തുന്നുണ്ട്. ദീർഘകാല രോഗികളുടെ

പരിചരണത്തിനായി എല്ലാ മാസവും ഭവന സന്ദർശനവും പരിശോധനയും പാലിയേറ്റീവ് പരിചരണവും നടക്കുന്നുണ്ട്. പൈക സാമൂഹ്യാരോഗ്യ കേന്ദ്രത്തിൽ ലാബ് പ്രവർത്തനം നടത്തുന്നുണ്ട്. ഹെൽത്ത് ഗ്രാന്റ് മാർഗ്ഗരേഖ പ്രകാരമുള്ള എല്ലാ ടെസ്റ്റുകളും നടത്തുന്നതിന് സി എച്ച് സി യിലും മറ്റ് ഉപകേന്ദ്രങ്ങളിലും സംവിധാനമില്ല. ഹെൽത്ത് ഗ്രാന്റ് വിനിയോഗ മാർഗ്ഗരേഖ പ്രകാരമുള്ള 64 ടെസ്റ്റുകളിൽ, മുപ്പതോളം ടെസ്റ്റുകൾ മാത്രമാണ് നിലവിൽ സി എച്ച് സി യിൽ ചെയ്തുവരുന്നത്.

ഹെൽത്ത് ഗ്രാന്റുപയോഗിച്ച് (SCHEME-3) ചില സ്ഥാപനങ്ങൾക്കെങ്കിലും ലാബിൽ നിർമ്മാണപ്രവർത്തികൾ നടത്തേണ്ടി വരും. PHC/CHC കളിൽ ലാബ് അടിസ്ഥാന സൗകര്യ വിപുലീകരണതിനുള്ള മാനദണ്ഡങ്ങൾ കൂടി പുതിയതായി ഉൾപ്പെടുത്തണം. SCHEME-3,4 ഇവയിലെല്ലാം ഓരോ സ്ഥാപനങ്ങളുടെയും സാഹചര്യമനുസരിച്ചുള്ള പൊതുജനാരോഗ്യ രംഗത്തെ നവീന പദ്ധതികൾ തുടങ്ങാനുള്ള നിർദേശം ഗൈഡ് ലൈനിൽ ഉൾപ്പെടുത്തുന്നത് ഉചിതമായിരിക്കും. ഓരോ സാമ്പത്തിക വർഷവും അവസാനത്തെ ആഴ്ചകളിലാണ് തൻവർഷത്തെ ഗ്രാന്റുകൾ ഗ്രാമപഞ്ചായത്തിൽ ലഭ്യമാകുന്നത്. ആയതിനാൽ പദ്ധതികൾ സ്പിൽ ഓവറായി അടുത്ത വർഷങ്ങളിലേക്ക് നീണ്ടുപോകുന്നു. യഥാസമയം ഗ്രാന്റ് ലഭ്യമാകുന്ന സാഹചര്യമുണ്ടായാൽ പദ്ധതികൾ യഥാവിധി നടപ്പിലാക്കുവാൻ സാധിക്കുന്നതാണ് .

അടുത്ത സാമ്പത്തിക വർഷത്തിൽ ഹെൽത്ത് ഗ്രാന്റ് ഇനത്തിലെ തുക കാര്യക്ഷമമായി പ്രയോജനപ്പെടുത്തുന്നതിനാവശ്യമായ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.പഞ്ചായത്തിന് കീഴിലുള്ള ആരോഗ്യ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യം, രോഗനിർണ്ണയ സൗകര്യം എന്നിവ മെച്ചപ്പെടുത്തുന്നതിന് ആരോഗ്യമേഖലാ വർക്കിംഗ് ഗ്രൂപ്പും ആരോഗ്യ സ്റ്റാൻഡിംഗ് കമ്മറ്റിയും ആരോഗ്യ സ്ഥാപനങ്ങൾ സന്ദർശിച്ച് സൗകര്യങ്ങൾ വിലയിരുത്തി നിർദ്ദേശങ്ങൾ ഭരണസമിതിയെ അറിയിക്കേണ്ടതാണ്. പ്രോജക്റ്റുകൾക്ക് അന്തിമ രൂപം നൽകുന്നതിൽ ആരോഗ്യമേഖലാ വർക്കിംഗ് ഗ്രൂപ്പ്, ആരോഗ്യത്തിന്റെ ചുമതലയുള്ള സ്റ്റാന്റിംഗ് കമ്മിറ്റി, ഭരണസമിതി എന്നീ തലങ്ങളിൽ ക്രിയാത്മകമായ ഇടപെടലുകൾ ഉണ്ടാവേണ്ടതാണ്.

## 1-33 ജൽ ജീവൻ മിഷൻ - പദ്ധതി അവലോകനം

ഭാരത് സർക്കാരിന്റെ പ്രധാന പദ്ധതിയായ ജൽ ജീവൻ മിഷൻ, എല്ലാ ഗ്രാമീണ കുടുംബങ്ങൾക്കും പ്രവർത്തനക്ഷമമായ ഗാർഹിക പൈപ്പ് ജല കണക്ഷനുകൾ ലഭ്യമാക്കുകയെന്നതാണ് ലക്ഷ്യമിടുന്നത്. പദ്ധതിക്കായുള്ള സാമ്പത്തിക സഹായം നൽകുക, സ്ഥലം തിരഞ്ഞെടുക്കുന്നതിന് മേൽനോട്ടം വഹിക്കുക, ജലവിതരണ സംവിധാനങ്ങളുടെ പ്രവർത്തനവും പരിപാലനവും കൈകാര്യം ചെയ്യുക, തുടങ്ങി മിഷന്റെ നിർവ്വഹണത്തിൽ, തദ്ദേശ സ്വയംഭരണ വകുപ്പ് നിർണ്ണായക പങ്ക് വഹിക്കുന്നു. കുടിവെള്ള വിതരണത്തിന് സംസ്ഥാനത്തിന്റെ നോഡൽ ഏജൻസിയായി കേരള വാട്ടർ അതോറിറ്റി പ്രവർത്തിക്കുന്നു. 50:50 അനുപാതത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളാണ് ഈ പദ്ധതിക്ക് ധനസഹായം നൽകുന്നത്. വീടുകളിൽ കുടിവെള്ളം എത്തിക്കുന്നതിനായി ജലസ്രോതസ്സുകൾ, ശുദ്ധീകരണ പ്ലാന്റുകൾ, പൈപ്പ് ലൈനുകൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ നിർമ്മിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ജലവിതരണ സംവിധാനങ്ങളുടെ പൂർത്തീകരണത്തിന് ശേഷമുള്ള തുടർച്ചയായ പ്രവർത്തനത്തിനും അറ്റകുറ്റപ്പണികൾക്കും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

ഗ്രാമ പഞ്ചായത്തിൽ, ജൽ ജീവൻ മിഷൻ പദ്ധതിയിൽ, കേരള വാട്ടർ അതോറിറ്റി മുഖേന നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങൾ പ്രാരംഭ ഘട്ടത്തിലായതിനാൽ, പഞ്ചായത്ത് വിഹിതമായി വകയിരുത്തേണ്ടതായ തുക സംബന്ധിച്ച് വിശദാംശങ്ങൾ നാളിതുവരെ ലഭ്യമായിട്ടില്ല. ആയതിനാൽ, ജൽ ജീവൻ മിഷൻ പദ്ധതിക്കായി തുക വകയിരുത്തിയിട്ടില്ല. ഗ്രാമ പഞ്ചായത്തിൽ, ജൽ ജീവൻ മിഷൻ പദ്ധതിക്കായി 2021-22 മുതൽ 2024-25 വരെയുള്ള കാലയളവിൽ സ്ഥാപന വിഹിതം (15%), ഗുണഭോക്തൃവിഹിതം (10%) എന്നിവ അടവാക്കിയിട്ടില്ല. ഗ്രാമ പഞ്ചായത്തിൽ പ്രസ്തുത പദ്ധതിക്കായി , ബഹു. എം. എൽ. എ -മാരുടെ നിയോജകമണ്ഡല ആസ്തി വികസന ഫണ്ടിൽ നിന്നും തുകയൊന്നും അനുവദിച്ചിട്ടില്ല.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പൂരക പോഷകാഹാര പദ്ധതി - വാഹനകൂലി ഇനത്തിൽ അധിക തുക നൽകി

| | |
|---|---|
| പ്രോജക്ട് നം. | 52/25 - അംഗൻവാടി പൂരക പോഷകാഹാര പദ്ധതി |
| നിർവ്വഹണോദ്യോഗസ്ഥൻ | ഐ സി ഡി എസ് സൂപ്പർവൈസർ |
| അടങ്കൽ | 26,00,000/-<br>(1000000/-, വികസന ഫണ്ട്<br>1000000/-, കേന്ദ്രാവിഷ്കൃത ഫണ്ട്<br>200000/-, ബ്ലോക്ക് വിഹിതം<br>400000/-, ജില്ലാ പഞ്ചായത്ത് വിഹിതം) |
| ചെലവ് | 20,10,295/-<br>(1000000/- , വികസന ഫണ്ട്<br>919889/-, കേന്ദ്രാവിഷ്കൃത ഫണ്ട്<br>90406/-, ബ്ലോക്ക് വിഹിതം) |

മേൽ പ്രോജക്ട് പ്രകാരം എലിക്കുളം ഗ്രാമപഞ്ചായത്തിലെ 24 അങ്കണവാടികളിലേക്ക് 2025 മാർച്ച് മാസം ഭക്ഷണ സാധനങ്ങൾ വിതരണം ചെയ്ത വകയിൽ ശ്രീ. തോമസ് ജോസഫ് എന്നയാൾക്ക് 5723/- രൂപ (ബിൽ നം.689/25.03.2025) വണ്ടിക്കൂലിയിനത്തിൽ നൽകിയിട്ടുണ്ട്. എന്നാൽ ടിയാൻ സമർപ്പിച്ച വൗച്ചർ പ്രകാരം തൻമാസത്തെ വണ്ടിക്കൂലി 3822/- രൂപയാണ്. വണ്ടിക്കൂലിയിനത്തിൽ 1901/- രൂപ അധികം നൽകിയിട്ടുണ്ട്. വിശദീകരണം ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 21/16.10.2025) മറുപടി ലഭ്യമാക്കിയില്ല. അധികം നൽകിയ 1,901/- രൂപ ടിയാനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥയുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 മെഡിസെപ് പ്രീമിയം ഒടുക്ക് വിവരങ്ങൾ

മെഡിസെപ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)

| ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം* | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| 15 | 84000 | 84000 | ഇല്ല | - |

*01-04-2024 മുതൽ 31-03-2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ

മെഡിസെപ് പ്രീമിയം ഒടുക്ക് (01-04-2024 മുതൽ 30-06-2024 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പടെ)** | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| ഇല്ല | | | | | |

മെഡിസെപ് പ്രീമിയം ഒടുക്ക് (01-07-2024 ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| ഇല്ല | | | | |

മെഡിസെപ് പ്രീമിയം ഒടുക്ക് (01-08-2024 മുതൽ 31-03-2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2024 മുതലുള്ള കുടിശ്ശിക ഉൾപ്പടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| ഇല്ല | | | | | |

## 4-2 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ ലഭിച്ച തീയതി | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|---|
| 2024-25 | 29.07.2025 | 09.10.2025 |

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

## 4-3 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| **വിഹിതം നല്കിയ സ്ഥാപനം** | **ലഭിച്ച തുക** | **പ്രോജക്ടിന്റെ പേര്** | **ചെലവ്** | **ബാക്കി** |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് പാമ്പാടി | 620000 | 134/25- ലൈഫ് ഭവന നിർമ്മാണം - ജനറൽ | 620000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് പാമ്പാടി | 200000 | 49/25 – ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ് | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് പാമ്പാടി | 121400 | 60/25 – ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് വിതരണം | 121400 | 0 |
| ബ്ലോക്ക് പഞ്ചായത്ത് പാമ്പാടി | 90406 | 52/25- അംഗൻവാടി പൂരക പോഷകാഹാര പദ്ധതി | 90406 | 0 |
| **ആകെ** | 1031806 | | 1031806 | **0** |
| ജില്ലാ പഞ്ചായത്ത് കോട്ടയം | 1473432 | 289/25 – പഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 1473432 | 0 |
| ജില്ലാ പഞ്ചായത്ത് കോട്ടയം | 1500000 | 264/25 – എസ് ഡി എൽ പി സ്കൂളിൽ കഞ്ഞിപ്പുര നിർമ്മാണം | 1500000 | 0 |
| ജില്ലാ പഞ്ചായത്ത് കോട്ടയം | 1000000 | 312/25 – എലിക്കുളം അമ്പലം - വട്ടോടി കോളനി റോഡ് മെയിന്റനൻസ് | 1000000 | 0 |

| | | | | |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് കോട്ടയം | 130000 | 60/25 – ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് വിതരണം | 130000 | 0 |
| ജില്ലാ പഞ്ചായത്ത് കോട്ടയം | 25000 | 49/25 – ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ് | 25000 | 0 |
| **ആകെ** | 4128432 | | 4128432 | |

## 4-4 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരം

എലിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2024-25 വാർഷിക പദ്ധതിയിലെ സെക്രട്ടറി നിർവ്വഹിച്ച പ്രോജക്ടുകൾ പ്രകാരം കെ.എസ്.ഇ.ബി., ഭൂജല വകുപ്പ് എന്നീ ഏജൻസികളിൽ നിക്ഷേപ പ്രവൃത്തിക്കായി തുക നിക്ഷേപിച്ചിട്ടുണ്ട്. പ്രോജക്ടിന്റെ വിശദാംശം പട്ടികയിൽ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് (പ്രോജക്ട് നം.) | മുൻകൂർ നൽകിയത് | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കി |
|---|---|---|---|---|
| കെ. എസ്. ഇ. ബി. | സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ (268/25) | 74848 | ഇല്ല | 74848 |
| | സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ (08/25) | 174972 | ഇല്ല | 174972 |
| | പഴയ സ്ട്രീറ്റ് മെയിൻ ഉള്ളിടത്ത് ബോക്സ് സ്ഥാപിക്കൽ (12/25) | 82518 | ഇല്ല | 82518 |
| **ആകെ** | | 332338 | - | 332338 |
| ഭൂജല വകുപ്പ് | പഞ്ചായത്തിന്റെ വിവിധ വാർഡുകളിലെ കുഴൽ കിണറുകൾക്ക് ഹാൻഡ് പമ്പ് സ്ഥാപിക്കൽ (374/25) | 344400 | ഇല്ല | 344400 |
| ഭൂജല വകുപ്പ് | വിവിധ കുഴൽ കിണറുകൾക്ക് ഹാൻഡ് പമ്പ് സ്ഥാപിക്കൽ (282/25) | 350000 | ഇല്ല | 350000 |
| **ആകെ** | | 694400 | - | 694400 |

## 4-5 മൊബിലൈസേഷൻ അഡ്വാൻസ്

2024-25 ധനകാര്യ പത്രിക പ്രകാരം തൻവർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ പഞ്ചായത്ത് ഫണ്ടിൽ നിന്നും തുകകൾ ഒന്നും ഗുണഭോക്തൃ സമിതികൾക്കോ കൺവീനർമാർക്കോ നല്കിയിട്ടില്ല.

## 4-6 വായ്പ /വായ്പാതിരിച്ചടവ്

എലിക്കുളം ഗ്രാമപഞ്ചായത്ത് ലൈഫ് പദ്ധതിക്കായി Kerala Urban Rural Development Finance Corporation Ltd.-ൽ നിന്ന് എടുക്കുന്ന വായ്പയുടെയും വായ്പതുക ചെലവഴിക്കുന്നതിന്റെയും കണക്കുകളിൽ അപാകതകൾ നിലനിൽക്കുന്നതായി കാണുന്നു. വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റിലെ ബി 5 – Secured Loans, ബി 16 – Prepaid Expenses എന്നീ ഷെഡ്യൂളുകൾ പൊരുത്തപ്പെടുന്നില്ല. 2024-25 വർഷം എലിക്കുളം ഗ്രാമപഞ്ചായത്ത് 3,60,000/- രൂപ KURDFC യിൽ നിന്ന് വായ്പയെടുത്തിട്ടുണ്ട്. എന്നാൽ വാർഷിക ധനകാര്യ പത്രിക പ്രകാരം 400000/- രൂപയാണ് വായ്പാ വരവായി രേഖപ്പെടുത്തിയിട്ടുള്ളത്. ഇതിൽ 40000/- രൂപ അധികം ലഭിച്ച ഗുണഭോക്താവ് ആയത് തിരികെ അടവാക്കിയത് (രസീത് നം. 1242300031/26.10.2024) ലോൺ തുകയായി അക്കൗണ്ട് ചെയ്തതുമൂലമാണ് ടി അപാകത സംഭവിച്ചത്. ലൈഫ് ഭവനപദ്ധതിയുടെ രജിസ്റ്റർ ആധികാരികമായി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കാത്തതിനാൽ മുന്നിരിപ്പ് തുകയുടെയും തൻവർഷം ലഭിച്ച തുകയുടെയും കൃത്യത ബോധ്യപ്പെട്ടിട്ടില്ല. 31.03.2025 തീയതിയിൽ യഥാർത്ഥത്തിൽ ഗ്രാമപഞ്ചായത്ത് ഫണ്ടിനുള്ള വായ്പ ബാധ്യത 97,24,037/- (9684037 + 40000) രൂപയാണ്. വിശദാംശം ചുവടെ ചേർക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | 01/04/2024 തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷ വായ്പ തുക | ആകെ വായ്പ | തൻവർഷം തിരിച്ചടവ് | | 31/03/2025 തിരിച്ചടയ്ക്കാൻ ബാക്കി തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന | 10,544,210/- | 3,60,000/- | 1,09,04,210/- | 12,20,173/- | - | 96,84,037/- |

| | | | | | | |
|---|---|---|---|---|---|---|
| പദ്ധതി KURDFC Loan | | | | | | |

പഞ്ചായത്തിന്റെ സർക്കാർ ഗ്രാന്റിൽ 2024-25 വർഷം സ്രോതസ്സിൽ കുറവ് ചെയ്താണ് വായ്പ തിരിച്ചടവ് നടത്തിയിട്ടുള്ളത്. ഓരോ വർഷത്തെയും വായ്പ തുകയും തിരിച്ചടവും കൃത്യമായി ചേർത്ത് വായ്പ രജിസ്റ്റർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. 2024-25 വർഷത്തെ വായ്പാ ബാധ്യത സംബന്ധിച്ച് കൺസോളിഡേറ്റഡ് സ്റ്റേറ്റ്മെന്റ് തയ്യാറാക്കി ലോൺ രജിസ്റ്ററിൽ സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ഓരോ വർഷവും എടുക്കുന്ന വായ്പയും ചെലവഴിക്കുന്ന വായ്പയും തിരിച്ചടവു തുകയും കൃത്യമായി നിരീക്ഷിച്ച് അക്കൗണ്ട് ചെയ്തിട്ടുണ്ടോ എന്നതിൽ വ്യക്തതയില്ല. ടി വിവരങ്ങൾ പ്രോഗ്രസീവായി കണക്കാക്കി Loan Register-ൽ സാക്ഷ്യപ്പെടുത്തിയിട്ടില്ല എന്നതിനാൽ ധനകാര്യ പത്രിക പ്രകാരമുള്ള വായ്പ നീക്കിയിരിപ്പായ 9829437/- രൂപയുടെ ആധികാരികത വ്യക്തമല്ല. 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-51, 58(4) (എഫ്) എന്നിവ പ്രകാരം പഞ്ചായത്തിന്റെ വായ്പകളുടെ വിനിമയം കൃത്യമായി നടത്തേണ്ടതും ആയതിന്റെ രേഖകളും രജിസ്റ്ററും സൂക്ഷിച്ച് സാമ്പത്തിക വർഷാവസാനം വായ്പ സ്ഥിരീകരിച്ച് കൃത്യമായ കണക്കുകൾ സൂക്ഷിക്കേണ്ടതുമാണ്. വായ്പ കണക്കുകൾ വരവ്, ചെലവ്, തിരിച്ചടവ് എന്നിവ 2024-25 സാമ്പത്തിക വർഷം വരെയുള്ളത് രേഖപ്പെടുത്തി ആധികാരികമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. 31/03/2025 വരെ വായ്പ രജിസ്റ്റർ ആധികാരികമാക്കിയതിന്റെയും അക്കൗണ്ടിങ്ങ് ക്രമീകരണങ്ങളുടെയും എല്ലാ വിശദാംശങ്ങളും മറുപടിയിൽ അനുബന്ധരേഖകൾ ഉൾപ്പടെ സമർപ്പിക്കേണ്ടതാണ്.

## 4-7 സ്ഥിരനിക്ഷേപങ്ങൾ

എലിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തെ സ്ഥിരനിക്ഷേപ (Fixed Deposits) കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർഷാരംഭത്തിലെ സ്ഥിര നിക്ഷേപം (01/04/2024) | 6,640,353/- |
| തൻവർഷം നിക്ഷേപിച്ച തുക | ഇല്ല |
| പലിശ വരവ് (മുതലിൽ ചേർത്തത്) | 240713/- |
| ആകെ | 68,81,066/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 68,81,066/- |

ലഭ്യമാക്കിയ ബാങ്ക് സ്ഥിരനിക്ഷേപ രശീതികൾ, നിക്ഷേപങ്ങളുടെ ബാങ്ക് സ്ക്രോൾ എന്നിവ പ്രകാരം 31/03/2025-ൽ അവശേഷിക്കുന്ന സ്ഥിരനിക്ഷേപത്തിന്റെ വിവരം താഴെ പട്ടികയിൽ ചേർക്കുന്നു.

| | |
|---|---|
| തുക നിക്ഷേപിച്ച ബാങ്കിന്റെ പേര് | The Elamgulam Service Co-Operative Bank Ltd. No.3576 |
| ബാങ്ക് ശാഖ | ഇളങ്ങുളം |
| സ്ഥിരനിക്ഷേപ അക്കൌണ്ട് നം. | 18543 |
| നിക്ഷേപ തുക/തീയതി | 50 ലക്ഷം/01-01-2019 |
| 2024-25 ൽ പുതുക്കിയ തീയതി/നിക്ഷേപ തുക | 24-09-2024 മുതൽ ഒരു വർഷം 68,81,066/- |
| വാർഷിക പലിശ നിരക്ക് | 8 % |
| 31/03/2025 ലെ നിക്ഷേപ മൂല്യം | 68,81,066/- |

## 4-8 ഓഡിറ്റ് റിക്കവറി

വാർഷിക ധനകാര്യ പത്രിക പ്രകാരം 2024-25 വർഷം ഓഡിറ്റ് റിക്കവറിയായി 1250/- രൂപ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടിന്റ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | അടവാക്കിയ തുക/ വരവിനം | തുക ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം. /തീയതി |
|---|---|---|---|---|---|
| 1. | 2016-17 | 2-4-1(2) | 1250/- സ്ഥാപന | പ്രിൻസിപ്പൽ ജ്യോതി പബ്ലിക് സ്കൂൾ, പൈക | 1240702629/ 14-01-2025 |

| | | | | | |
|---|---|---|---|---|---|
| | | | തൊഴിൽ നികുതി | | |
| 2024-25 ൽ ആകെ അടവാക്കിയ ഓഡിറ്റ് റിക്കവറി - 1250/- രൂപ | | | | | |

പഞ്ചായത്തിൽ ഓഡിറ്റ് റിക്കവറി രജിസ്റ്റർ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ഓഡിറ്റ് റിക്കവറികൾ ഒടുക്കുന്നത് റിക്കവറി രജിസ്റ്ററിൽ ചേർക്കേണ്ടതും ഓരോ സാമ്പത്തിക വർഷത്തെയും കണക്കുകൾ ക്ലോസ് ചെയ്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

## 4-9 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

എലിക്കുളം ഗ്രാമപഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ നിന്നും 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പു പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് 2023-24 വരെ പുറപ്പെടുവിച്ചിട്ടുള്ള സമാഹൃത റിപ്പോർട്ടുകളിൽ (Consolidated Audit Report-CAR) ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവ താഴെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഖണ്ഡികയുടെ ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-1, 2-2, 2-3 | 2016-17 | അനുബന്ധം 3 | വസ്തു നികുതി അപാകതകൾ | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |
| 2014-15 | 2-4, 2-5, 2-6, 2-7, 2-8 | 2016-17 | അനുബന്ധം 4 | തൊഴിൽ നികുതി അപാകതകൾ | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |
| 2015-16 | 2-4, 2-5 | 2016-17 | അനുബന്ധം 5 | തൊഴിൽ നികുതി | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |
| 2016-17 | വിഷയാധിഷ്ഠിത പരിശോധന അവലോകനം | 2017-18 | ഡെപ്പോസിറ്റ് പ്രവൃത്തി – അനുബന്ധം 4 | പഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണം- എസ്റ്റിമേറ്റുകൾ സ്ഥാപനത്തിലെ സാങ്കേതിക വിഭാഗം പരിശോധനാ വിധേയമാക്കുന്നില്ല. | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |

## 4-10 ചാർജ് /സർചാർജ് നടപടികളുടെ വിവരം

2024-25 വർഷം എലിക്കുളം ഗ്രാമപഞ്ചായത്ത് ഫണ്ടിലേക്ക് 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ്-16, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം-20 എന്നിവ പ്രകാരം സർച്ചാർജ് നടപടികളുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് റിക്കവറി തുകയൊന്നും അടവാക്കിയിട്ടില്ല.

## 4-11 ഓഡിറ്റ് പ്രത്യവലോകനം

### (എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്- മുന്നിരിപ്പ് ഉൾപ്പടെ (റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം) | : | 74766447/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം) | : | 45301925/- |
| ഓഡിറ്റ് വർഷത്തെ ആകെ വരുമാനം (ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം) | | 149084578/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം) | | 140976926/- |

| | | |
|---|---|---|
| വരവിനങ്ങളിലുള്ള വ്യക്തമായ നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 1,901/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 12,80,532/- |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നം. | ചാർജ്ജ് | സർചാർജ്ജ് | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-1 | – | 1,901/- | ശ്രീമതി മാളു ഒ., ഐ സി ഡി എസ് സൂപ്പർവൈസർ |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നം. | തുക (രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21 | 10,26,728/- | ശ്രീ മുഹ്സിൻ പി. എം., സെക്രട്ടറി |
| 1-25 | 1,18,568/- | ശ്രീമതി കവിത എസ്., അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-28 | 77,881/- | ഡോ. റ്റിനു മാത്യു, മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| 1-30 | 55,000/- | ഡോ. രമ്യ വി., വെറ്ററിനറി സർജൻ |
| 1-31 | 2,355/- | ശ്രീമതി സിന്ധുമോൾ കെ. കെ., അസിസ്റ്റന്റ് സെക്രട്ടറി |
| **ആകെ** | 12,80,532/- | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേര് | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽ വിലാസം |
|---|---|---|
| മാളു ഒ., ഐ സി ഡി എസ് സൂപ്പർവൈസർ | ഐ സി ഡി എസ് സൂപ്പർവൈസർ, ഐ സി ഡി എസ് ഓഫീസ്, നേമം, തിരുവനന്തപുരം | വടക്കേവിള വീട്, നെടുമം പി. ഒ., കോവളം |

## 4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ 30/09/2025 തീയതി വരെ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനുള്ള ഖണ്ഡികകൾ |
|---|---|---|
| 2000-01, 2001-02 (Plan) | കെ.എസ്.എ.-കെ.ടി.എം.പി13/അദാ-2022/1688(1)/2022/25-08-2022 | 1 |
| 2005-06 | കെ.എസ്.എ.-കെ.ടി.എം.പി13/അദാ-2022/1688(2)/2022/25-08-2022 | 3 |
| 2006-07 | കെ.എസ്.എ.-കെ.ടി.എം.പി13/അദാ-2022/1688(3)/2022/25-08-2022 | 2 |
| 2009-10 | കെ.എസ്.എ.-കെ.ടി.എം.പി13/അദാ-2022/1688(4)/2022/25-08-2022 | 2 |
| 2010-11 & 2011-12 | കെ.എസ്.എ.-കെ.ടി.എം.പി13/അദാ-2022/1688(5)/2022/25-08-2022 | 1 |
| 2012-13 | കെ.എസ്.എ.-കെ.ടി.എം.പി13/അദാ-2022/881(1)/2022/05-08-2022 | 1 |
| 2013-14 & 2014-15 | കെ.എസ്.എ.-കെ.ടി.എം.പി13/അദാ-2022/881(2)/2022/05-08-2022 | 8 |
| 2015-16 | കെ.എസ്.എ.-കെ.ടി.എം.പി13/അദാ-2022/1688(6)/2022/25-08-2022 | 7 |

| | | |
|---|---|---|
| 2016-17 | കെ.എസ്.എ.-കെ.ടി.എം.പി13/അദാ-2022/881(3)/2022/05-08-2022 | 3 |
| 2017-18 | കെ.എസ്.എ.-കെ.ടി.എം.പി13/അദാ-2022/881(4)/2022/05-08-2022 | 3 |
| 2018-19 | കെ.എസ്.എ.-കെ.ടി.എം.പി13/അദാ-2022/881(5)/2022/05-08-2022 | 8 |
| 2019-20 | കെ.എസ്.എ.-കെ.ടി.എം.പി13/അദാ-2022/1688(7)/2022/25-08-2022 | 9 |
| 2020-21 | കെ.എസ്.എ-കെ.ടി.എം.പി13/1498/2021/07-04-2022 | 16 |
| 2021-22 | കെ.എസ്.എ-കെ.ടി.എം.പി13/2364/2022/25-04-2023 | 22 |
| 2022-23 | കെ.എസ്.എ-കെ.ടി.എം.പി13/1319/2023/16-02-2024 | 21 |
| 2023-24 | കെ.എസ്.എ-കെ.ടി.എം.പി13/638/2024/04-11-2024 | 31 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പെടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**
**ജില്ലാ ഓഡിറ്റ് കാര്യാലയം-കോട്ടയം**

## Annexure-1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 4 dated 4 dated 28-07-2025 and submitted on 29-07-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Elikkulam Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI’s management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Elikkulam Grama Panchayat as on 31-03-2025

**Date: 16/12/2025** **Deputy Director**

**Kerala State Audit Department**

### Audit Report appended to the Audit Certificate of Elikkulam Grama Panchayat for the Year 2024-2025.

### 1.Major Observations

1. Documents for verification of Panchayath general fund not provided. Source Data not available for the value of total general fund as on 31/03/2025
2. Non Disclosure of Assets. Assets not classified, valuated and accounted-Asset Register has not updated.

### 2.Other Observations

1. Capital work in progress erroneously recorded as zero
2. Receipts and payments regarding MGNREGS in AFS is not matching with cash book.
3. As per Rule 17 (2) of the Kerala Panchayat Raj Accounts Rules, the monthly demand for each item of income is to be recorded through a journal entry every month. But on checking the ledger of various income, their is no timely recording of demand entries.
4. Mismatch in the balance amount recorded in B5 schedule and B 16 schedule.
5. Provision is not recorded in the Balance Sheet B-9 schedule for various expenses such as honorarium of elected representatives, fuel expenses which are not met within the financial year 2024-25.
6. Mismatch in the balance of CFC grant recorded in B4 schedule and B 17 schedule Bank balance.
7. Advance register is not maintained properly.
8. Amount booked as stale cheques in the B9 schedule (350800101) is not adjusted.

Deputy Director
District Office Kottayam
Kerala State Audit Department

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ എലിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്